www.societytodaynews.com
2024 OCTOBER
11
FRIDAY
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# സംസ്ഥാനങ്ങൾക്ക് 1,78,173 കോടി; കേരളത്തിന് 3430 കോടി

**ന്യൂഡൽഹി:** ഉത്സവ കാലം കണക്കിലെടുത്ത് കേന്ദ്ര സർക്കാർ, സംസ്ഥാനങ്ങൾക്ക് നികുതി വിഹിതമായി 1,78,173 കോടി രൂപ അനുവദിച്ചു.

ഒക്ടോബറിലെ പതിവു ഗഡുവും മുൻകൂർ ഗഡുവായി 89,086.50 കോടിയും അടക്കമാണ് കേന്ദ്രം നല്കുന്നത്. കേരളത്തിന് 3430 കോടി രൂപയുണ്ട്.

ഉത്സവ കാല, വികസന, ക്ഷേമ ചെലവുകൾക്ക് ഇതുപയോഗിക്കാം. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലുഴലുന്ന കേരളത്തിന് ഒക്ടോബറിലെ വിഹിതവും മുൻകൂർ വിഹിതവും കൂടി ലഭിച്ചത് വലിയ ആശ്വാസമാണ്. മുടങ്ങിയ ക്ഷേമ പെൻഷനുകൾ കുറച്ചെങ്കിലും കൊടുക്കാനാകും.



# ഡൽഹിയിൽ 2000 കോടി രൂപയുടെ ലഹരി മരുന്നു വേട്ട; നാലുപേർ അറസ്റ്റിൽ

**ന്യൂഡൽഹി:** ഡൽഹിയിൽ വൻ ലഹരി മരുന്നു വേട്ട. തിലക് നഗറിൽ നിന്നും 2,000 കോടി രൂപയുടെ ലഹരി മരുന്നാണ് പിടികൂടിയത്. ഇതോടെ ഒരാഴ്ചക്കിടെ ഡൽഹിയിൽ പിടികൂടിയത് 7500 കോടി രൂപയുടെ കൊക്കെയ്നാണ്. പ്രധാന പ്രതി വിദേശത്തേക്ക് കടന്നതായാണ് വിവരം.

തിലക് നഗറിലെ രമേഷ് നഗർ മേഖലയിൽ നിന്ന് 200 കിലോഗ്രാം കൊക്കെയ്നാണ് ഇന്ന് പിടികൂടിയത്. രമേഷ് നഗറിലെ വെയർ ഹൗസിൽ നിന്നാണ് കൊക്കെയ്ൻ പിടികൂടിയത്. ജിപിഎസ് സംവിധാനമുള്ള കാറാണ് കൊക്കെയ്ൻ കടത്താൻ ഉപയോഗിച്ചിരുന്നത്. ഈ ജിപിഎസ് ലൊക്കേഷൻ പിന്തുടർന്ന് ഡൽഹി പൊലീസ് കാർ പിടികൂടുകയായിരുന്നു. സംഭവത്തിൽ 4 പേരെ പൊലീസ് അറസ്റ്റ് ചെയ്തു. ഇവരിൽ നിന്നാണ് പ്രധാനി പ്രതി വിദേശത്തേക്ക് കടന്നതായി വിവരം ലഭിച്ചത്. ലഹരി സംഘത്തിനു രാജ്യാന്തര ബന്ധമുണ്ടെന്നാണ് പൊലീസ് പറയുന്നത്.



# ഇതിഹാസത്തിന് വിട; രത്തൻ ടാറ്റ ഇനി ഓർമ

**മുംബൈ:** ഇന്ത്യൻ വ്യവസായ രംഗത്തെ ഇതിഹാസം രത്തൻ ടാറ്റയ്ക്കു വിട നൽകി രാജ്യം. വർളിയിലെ ഡോ. ഇ. മോസസ് റോഡിലുള്ള വർളി പൊതുശ്മശാനത്തിൽ ഔദ്യോഗിക ബഹുമതികളോടെയാണ് രത്തൻ ടാറ്റയുടെ സംസ്കാര ചടങ്ങുകൾ നടന്നത്. പാഴ്സി ആചാര പ്രകാരമായിരുന്നു ചടങ്ങുകൾ. ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും കേന്ദ്രമന്ത്രിമാരടക്കമുള്ള രാഷ്ട്രീയ പ്രമുഖർക്കുമാണ് സംസ്കാര ചടങ്ങിലേക്ക് പ്രവേശനമുണ്ടായിരുന്നത്. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ , മഹാരാഷ്ട്ര മുഖ്യമന്ത്രി ഏകനാഥ് ഷിൻഡെ , ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ ഉപമുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നവിസ്, പിയുഷ് ഗോയൽ എന്നിവരും സംസ്കാര ചടങ്ങിൽ പങ്കെടുത്തു.

## ജനാധിപത്യത്തിനും സുരക്ഷയ്ക്കും ഭീഷണി; ലബനൻ ആസ്ഥാനമായ ഹിസ്ബുത്തഹ്രീർ ഇന്ത്യയിൽ നിരോധിച്ചു

**ന്യൂഡൽഹി:** ലബനൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹിസ്ബുത്തഹ്രീർ എന്ന ഭീകര സംഘടന ഇന്ത്യയിൽ നിരോധിച്ചു. ആഭ്യന്തര സുരക്ഷയ്ക്കും ജനാധിപത്യത്തിനും സംഘടന ഭീഷണിയാണെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു. നിയമവിരുദ്ധ പ്രവർത്തന നിരോധന നിയമത്തിലെ (യുഎപിഎ) ഒന്നാം ഷെഡ്യൂളിലാണ് ഭീകര സംഘടനയെ ഉൾപ്പെടുത്തിയത്. ഇതോടെ ഈ പട്ടികയിലുള്ള ഭീകരസംഘടനകളുടെ എണ്ണം 45 ആയി.

'ഭീകരതയോട് ഒട്ടും സഹിഷ്ണുതയില്ലാത്ത പ്രധാനമന്ത്രി നരേന്ദ്രമോദിജിയുടെ നയം പിന്തുടർന്ന് ആഭ്യന്തര മന്ത്രാലയം ഹിസ്ബുത്തഹ്രീ ഒരു തീവ്രവാദ സംഘടനയായി പ്രഖ്യാപിക്കുന്നു. ഇന്ത്യയുടെ ദേശീയ സുരക്ഷയ്ക്കും പരമാധികാരത്തിനും ഗുരുതരമായ ഭീഷണി ഉയർത്തുന്ന സംഘടനയാണിത്. ഭീകരതയുടെ ശക്തികളെ ഉരുക്കുമുഷ്ടി ഉപയോഗിച്ച് കൈകാര്യം ചെയ്ത് ഭാരതം സുരക്ഷിതമാക്കാൻ മോദി സർക്കാർ പ്രതിജ്ഞാബദ്ധമാണ്" അമിത് ഷാ എക്സിൽ കുറിച്ചു.

ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകളെ അട്ടിമറിച്ച് ഇന്ത്യ ഉൾപ്പെടെ ആഗോളതലത്തിൽ ഇസ്ലാമിക രാഷ്ട്രം സ്ഥാപിക്കാൻ ലക്ഷ്യമിടുന്ന ഒരു സംഘടനയാണ് ഹിസ്ബുത്തഹ്രീറെന്നും ഇത് ജനാധിപത്യ സംവിധാനത്തിനും ആഭ്യന്തര സുരക്ഷയ്ക്കും ഗുരുതരമായ ഭീഷണിയാണെന്നും ആഭ്യന്തര മന്ത്രാലയം ഉത്തരവിൽ പറയുന്നു.

# ലബനനിൽ വീണ്ടും ഇസ്രയേൽ വ്യോമാക്രമണം; 22 പേർ കൊല്ലപ്പെട്ടു

**ജറുസലം:** ഇസ്രയേൽ സൈനിക നടപടി തുടരുന്ന ലബനനിൽ വീണ്ടും വ്യോമാക്രമണം. സെൻട്രൽ ബെയ്റൂട്ടിൽ ഹിസ്ബുല്ലയെ ലക്ഷ്യമിട്ടുള്ള ആക്രമണത്തിൽ 22 ഭീകരർ കൊല്ലപ്പെട്ടു. 117 പേർക്ക് പരുക്കേറ്റിട്ടുണ്ട്. തെക്കൻ ലബനനിൽ ഇസ്രയേൽ സൈന്യം ആവർത്തിച്ച് വെടിയുതിർക്കുകയും രണ്ടു സമാധാന സേനാംഗങ്ങൾക്ക് പരുക്കേൽക്കുകയും ചെയ്തതായി യൂണിഫിൽ അറിയിച്ചു. ചെങ്കടലിലും ഇന്ത്യൻ മഹാസമുദ്രത്തിലും രണ്ട് കപ്പലുകൾക്കെതിരെ സംഘം ഓപ്പറേഷൻ നടത്തിയതായി ഹൂതി സൈനിക വക്താവ് യഹ്യ സാരി പറഞ്ഞു. ഗാസ മുനമ്പിന്റെ വടക്കു ഭാഗത്ത് നടന്ന ഏറ്റുമുട്ടലിൽ മൂന്ന് സൈനികർ കൊല്ലപ്പെട്ടതായി ഇസ്രയേൽ സൈന്യം അറിയിച്ചു.

കഴിഞ്ഞ ദിവസം ഗാസയിൽ അഭയാർഥികൾ താമസിക്കുന്ന സ്കൂളിനു നേരെ ഇസ്രയേൽ സേന നടത്തിയ വ്യോമാക്രമണത്തിൽ 28 പേർ കൊല്ലപ്പെട്ടിരുന്നു. മധ്യ ഗാസയിലെ പടിഞ്ഞാറൻ ദേർ അൽബാലയിലെ റുഫൈദ സ്കൂളിനു നേരെയാണ് വ്യോമാക്രമണമുണ്ടായത്. ആക്രമണത്തിൽ അൻപതിലധികം പേർക്ക് പരുക്കേറ്റു. അൽഅഖ്സ ആശുപത്രി പരുക്കേറ്റവരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും ഇല്ലാത്തതിനാൽ സാഹചര്യം നേരിടാൻ ബുദ്ധിമുട്ടുകയാണെന്നും മരണസംഖ്യ ഇനിയും ഉയരുമെന്നും ആശുപത്രി അധികൃതർ പറഞ്ഞു.



# ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച തുടർനടപടികൾ: കാലതാമസം വഞ്ചനാപരം കെസിബിസി ജാഗ്രത കമ്മീഷൻ

**കൊച്ചി:**കേരളത്തിലെ ക്രൈസ്തവരുടെ പിന്നാക്കവസ്ഥയെക്കുറിച്ച് വിശദമായ പഠനം നടത്തിയ ജസ്റ്റിസ് (റിട്ട.) ജെ.ബി. കോശി കമ്മീഷൻ മുഖ്യമന്ത്രിക്ക് മുന്നിൽ റിപ്പോർട്ട് സമർപ്പിച്ചിട്ട് ഒന്നര വർഷത്തോളമാകുന്നു. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിഗണിക്കുന്ന കാര്യത്തിൽ അസാധാരണമായ വിധത്തിലുള്ള കാലതാമസമാണ് ആരംഭം മുതൽ കണ്ടുവരുന്നത്. പ്രതിഷേധ സ്വരങ്ങൾ ഉയരുന്ന ഘട്ടത്തിൽ സമാശ്വാസമെന്നോണം ചില പ്രസ്താവനകൾ അധികാരികൾ നടത്തുന്നു എന്നതിനപ്പുറം ആത്മാർത്ഥമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠിച്ച്, മന്ത്രിസഭയ്ക്ക് പരിഗണിക്കാൻ കഴിയുന്ന വിധത്തിലുള്ള പ്രാഥമിക റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ചീഫ് സെക്രട്ടറി അധ്യക്ഷനായ മൂന്നംഗ കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ട് ഏഴു മാസങ്ങൾ പിന്നിട്ടിരിക്കുന്നു. കമ്മിറ്റിയുടെ പഠനം പുരോഗമിക്കുകയാണെന്ന അവകാശവാദമാണ്, ചാലക്കുടി എംഎൽഎ ശ്രീ സനീഷ് കുമാർ ജോസഫിന്റെ സബ്മിഷന് മറുപടിയായി ന്യൂനപക്ഷ ക്ഷേമവകുപ്പ് മന്ത്രി ശ്രീ അബ്ദുറഹിമാൻ ഒക്ടോബർ ഒമ്പതിനും നിയമസഭയിൽ ഉന്നയിച്ചത്. അത്യന്തം ഗുരുതരമായ അലംഭാവം തുടർച്ചയായി സംഭവിച്ചിട്ടും പൊള്ളയായ വാദഗതികൾ ആവർത്തിക്കുക മാത്രമാണ് ബഹു. മന്ത്രി ഉൾപ്പെടെ ചെയ്തുവരുന്നത്.

കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായ രൂപത്തിൽ പുറത്തുവിടണമെന്ന ആവശ്യം ആരംഭം മുതൽ വിവിധ കോണുകളിൽനിന്ന് ഉയർന്നിട്ടും സർക്കാർ അതിനും തയ്യാറായിട്ടില്ല. ഈ വിഷയത്തിൽ സർക്കാർ സുതാര്യവും സത്യസന്ധവുമായ നിലപാടുകൾ സ്വീകരിക്കുകയും അടിയന്തിരമായ നടപടികൾക്ക് തയ്യാറാവുകയും റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുകയും വേണം.

# അങ്കണവാടി വർക്കർ, ഹെൽപ്പർ: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പാമ്പാക്കുട ഐസിഡിഎസ് പ്രോജക്ടിന്റെ പരിധിയിലുള്ള കൂത്താട്ടുകുളം മുനിസിപ്പാലിറ്റി, രാമമംഗലം പഞ്ചായത്തുകളിലേക്ക് അങ്കണവാടി വർക്കർമാരെ തെരെഞ്ഞെടുക്കുന്നതിനും പാലക്കുഴ, ഇലഞ്ഞി പഞ്ചായത്തുകളിലേക്ക് അങ്കണവാടി വർക്കർമാരേയും അങ്കണവാടി ഹെൽപ്പർമാരേയും തിഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. 2024 ജനുവരി ഒന്നിന് 18 വയസ് പൂർത്തിയായിട്ടുള്ളവരും 46 വയസ് പൂർത്തിയാകാത്തവരുമായ വനിതകൾക്ക് അപേക്ഷിക്കാം. പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവരാകണം.വർക്കർ തസ്തികയിൽ പത്താം ക്ലാസ്സാണ് യോഗ്യത.

ഹെൽപ്പർ തസ്തികയിൽ അപേക്ഷകർ എഴുതാനും വായിക്കാനും അറിയാവുന്നവരും പത്താംക്ലാസ്സ് പാസ്സാകാത്തവരും ആയിരിക്കണം.ഫോൺ: 0485 2274404

## ഹിയറിങ് മാറ്റി വച്ചു

**കൊച്ചി:** പൊതു അവധി പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇന്ന് എറണാകുളം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്താനിരുന്ന ഹിയറിങ് മാറ്റി വച്ചു.

## വാക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** ജില്ലാ ഹോമിയോ ആശുപത്രിയിലേക്ക് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി മുഖേന താത്കാലികമായി സെക്യൂരിറ്റിയെ നിയമിക്കും.യോഗ്യത പത്താം ക്ലാസ്. പ്രായപരിധി 3065. താത്പര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റ് സഹിതം ഒക്ടോബർ 17ന് രാവിലെ 10.30 ന് പുല്ലേപ്പടി ജില്ലാ ഹോമിയോ ആശുപത്രിയിൽ നടത്തുന്ന അഭിമുഖത്തിൽ പങ്കെടുക്കണം.

# ബീറ്റ് ഫോറസ്റ്റ് ഓഫീസർ കായികക്ഷമതാ പരീക്ഷ

**കൊച്ചി:** വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് ഡയറക്ട് , ബൈ ട്രാൻസ്ഫർ, വിവിധ എൻ സി എ തെരഞ്ഞെടുപ്പുകളുടെ ഭാഗമായി ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായുള്ള ശാരീരിക അളവെടുപ്പും കായികക്ഷമതാപരീക്ഷയും ഈ മാസം 15,16,17,18 തീയതികളിലും, ഈ തസ്തികയുടെ 23.05.2024 തീയതിയിൽ നടന്ന ശാരീരിക അളവെടുപ്പിൽ വിജയിച്ച ഉദ്യോഗാർത്ഥികൾക്കും അപ്പിൽ അനുവദിച്ച മദ്ധ്യോഗാർത്ഥികൾക്കുമുള്ള കായികക്ഷമതാപരീക്ഷ ഒക്ടോബർ 16ന് ചോറ്റാനിക്കര ഗവൺമെന്റ് വി എച്ച് എസ് എസ് ഗ്രണ്ടിൽ രാവിലെ 5.30 മുതൽ നടക്കും.അർഹരായ ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ www.keralapsc.gov.in എന്ന വെബ്സൈറ്റിൽ നിന്നും കായികക്ഷമതാ പരീക്ഷയ്ക്ക് ഹാജരാക്കേണ്ട അഡ്മിഷൻ ടിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്/ഡിക്ലറേഷൻ മറ്റ് നിർദേശങ്ങൾ എന്നിവ ഡൗൺലോർഡ് ചെയ്ത് തിരിച്ചറിയിൽ രേഖ സഹിതം എത്തിച്ചേരണം.

# വികസന വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വികാസത്തിന് അങ്കണവാടി പ്രവേശനം

**തിരുവനന്തപുരം:** വികസന വെല്ലുവിളികൾ നേരിടുന്ന കട്ടികളെ ചികിത്സയോടൊപ്പം അങ്കണവാടികളിൽ പ്രവശിപ്പിക്കുന്നതിന് വനിത ശിശു വികസന വകുപ്പ് അനുമതി നൽകി ഉത്തരവിട്ടതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 2 വയസിനും 3 വയസിനും ഇടയിലുള്ള വികസന വെല്ലുവിളികൾ നേരിടുന്ന കട്ടികളെ ചികിത്സയോടൊപ്പം അങ്കണവാടികളിൽ പ്രവശിപ്പിക്കുന്നത് അവരുടെ സാമൂഹിക മാനസിക വികസനം സാധ്യമാകാൻ വളരെ പ്രയോജനകരമാകുമെന്ന് ചൈൽഡ് ഡെവലപ്മെന്റ് സെന്റർ ഉൾപ്പെടെ കണ്ടെത്തിയതിനെ തുടർന്നാണ് നടപടി. ഓട്ടിസം, സംസാരഭാഷാ വികസന പ്രശ്നങ്ങൾ മുതലായവ പോലുള്ള വികസന വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ നേരത്തെ കണ്ടെത്തി വേണ്ട ഇടപെടലുകൾ നടത്തുന്നത് അവരുടെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. ഇത്തരം കുട്ടികളെ സാധാരണ കുട്ടികളോടൊപ്പം സമയം ചെലവഴിക്കാൻ അനുവദിക്കുകയാണെങ്കിൽ ഇവർക്ക് മറ്റ് കുട്ടികൾ ചെയ്യുന്ന കാര്യങ്ങൾ കാണുന്നതിനും അവ അനുകരിക്കുന്നതിനും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും സാധിക്കുമെന്നും കണ്ടെത്തിയതിനെ തുടർന്നാണ് നടപടിയെന്നും മന്ത്രി വ്യക്തമാക്കി.

സിഡിപിഒമാർക്കും സൂപ്പർവൈസർമാർക്കും ഭിന്നശേഷികൾ നേരത്തെ കണ്ടെത്തുന്നതിനുള്ള പരിശീലന പരിപാടികൾ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുണ്ട്. ഇതുകൂടാതെ ആവശ്യമായ അടിസ്ഥാന സൗകര്യവും അങ്കണവാടി ജീവനക്കാർക്ക് പരിശീലനവും ഉറപ്പാക്കിയാണ് കുട്ടികളെ പ്രവേശിപ്പിക്കുന്നത്. വികസന വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ മുഴുവൻ സമയവും അങ്കണവാടികളിൽ ഇരുത്താതെ രണ്ടോ മൂന്നോ മണിക്കൂർ ഇരുത്തിയാലും മതിയാകും. ആവശ്യമെങ്കിൽ കട്ടികളുടെ സംരക്ഷകരാരെയെങ്കിലും (അമ്മ, അമ്മൂമ്മ തുടങ്ങിയവർ) അവിടെ നിൽക്കാൻ അനുവദിക്കുന്നതാണ്.

ഈ കട്ടികൾ സിഡിസി, ഡിഇഐസി, നിഷ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ചികിത്സ ലഭിക്കുന്ന കട്ടികളായതിനാൽ തന്നെ അവർക്ക് വേണ്ട തെറാപ്പികൾ ആ സ്ഥാപനങ്ങളിൽ ലഭിക്കുന്നതാണ്. അവിടത്തെ തെറാപ്പിയോടൊപ്പം അങ്കണവാടികളിൽ നിന്നും സാധാരണ ലഭ്യമാകുന്ന സേവനങ്ങൾ കൂടി കുട്ടികൾക്ക് നൽകുന്നത് മൂലം കട്ടികളുടെ സാമൂഹിക, ബൗദ്ധിക, മാനസിക വികാസത്തിലും ഭാഷാ വികസനത്തിലും കൂടുതൽ മെച്ചപ്പെട്ട പ്രകടനം ഉണ്ടാകാൻ സാധ്യതയുണ്ട്. ഏർളി ഇന്റർവെൻഷന്റെ ഭാഗമായി സിഡിസിയിൽ നിന്നും തന്നെ രണ്ടു വയസിനും മൂന്ന് വയസിനും ഇടയ്ക്കുള്ള കുട്ടികളെ അങ്കണവാടികളിൽ കൊണ്ട് പോകാനും നിർദേശിക്കാറുണ്ട്.

ഭാവിയിൽ ഇത്തരം പ്രശ്നങ്ങളുള്ള കുട്ടികൾ കൂടുതലായി അങ്കണവാടികളിൽ എത്തിച്ചേരുന്ന ഒരു സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ആരോഗ്യ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായം കൂടി ഈ വിഷയത്തിൽ തേടാവുന്നതാണ്.



# കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ആനിമൽ ക്വാറന്റൈൻ സർട്ടിഫിക്കേഷൻ സേവന കേന്ദ്രം

**കൊച്ചി :** എല്ലാ ജീവ ജാലങ്ങളെയും സ്നേഹിക്കുക എന്ന് ഭാരതീയ പാരമ്പര്യം നിലനിർത്തിക്കൊണ്ടുള്ള ഒരു സംരംഭമാണ് ക്വാറന്റൈൻ, സർട്ടിഫിക്കേഷൻ സേവന കേന്ദ്രം എന്ന് കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീരോൽപ്പാദന വകുപ്പ് സഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. 'ജീവിതം സുഗമമാക്കുക' എന്നതിലേക്കുള്ള തുടർ ചുവടുവയ്പ്പാണ് ഈ സംരംഭം എന്നും മന്ത്രി പറഞ്ഞു .വിദേശത്ത് നിന്ന് വളർത്തുമൃഗങ്ങളായ നായ, പൂച്ച എന്നിവയെ ഇറക്കുമതി ചെയ്യുന്നതിനുള്ള ആനിമൽ ക്വാറന്റൈൻ, സർട്ടിഫിക്കറ്റ് സേവനങ്ങൾ (എക്യുസിഎസ്) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ സൗകര്യം സമൂഹത്തിനും മൃഗങ്ങൾക്കും ഒരുപോലെ ഗുണകരമാകുമെന്ന് മന്ത്രി പറഞ്ഞു. വളർത്തുമൃഗങ്ങൾക്ക് ചില രോഗങ്ങൾ പിടിപെടുന്നതിനാൽ ക്വാറന്റൈൻ സൗകര്യങ്ങൾ അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. കൊച്ചി വിമാനത്താവളത്തിൽ എ.ക്യു.സി.എസ് ഓഫീസിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പരിസരത്ത് ആനിമൽ ക്വാറന്റൈൻ സൗകര്യങ്ങൾ പ്രവർത്തിപ്പിക്കുന്നതിന്,കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീര മന്ത്രാലയത്തിലെ മൃഗസംരക്ഷണ, ക്ഷീര വകുപ്പ് അഡീഷണൽ സെക്രട്ടറി വർഷ ജോഷി ഐഎഎസ് , കൊച്ചി അന്താരാഷ്ട്ര വിമാനത്താവളവുമായി കരാർ ഒപ്പിട്ടു.വളർത്തുമൃഗങ്ങളുള്ള യാത്രക്കാർക്ക് സൗകര്യമൊരുക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ ഈ തീരുമാനം ,അവരുടെ ദീർഘകാല ആവശ്യം പൂർത്തീകരിച്ചതായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവള മാനേജിംഗ് ഡയറക്ടർ എസ്.സുഹാസ് പറഞ്ഞു.

മൃഗസംരക്ഷണക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി കമ്മീഷണർ (ട്രേഡ്) ഡോ.ഗഗൻ ഗർഗ്, ചെന്നൈയിലെ അനിമൽ ക്വാറന്റൈൻ ആൻഡ് സർട്ടിഫിക്കേഷൻ സർവീസ് ജോയിന്റ് കമ്മീഷണർ ഡോ. ഡി.ബി ശ്വാസ് എന്നിവരും ചടങ്ങിൽ സംസാരിച്ചു.നിലവിൽ വിദേശത്തുനിന്നുള്ള വളർത്തുമൃഗങ്ങളെ ഡൽഹി, മുംബൈ, കൊൽക്കത്ത, ചെന്നൈ, ബെംഗളൂരു, ഹൈദരാബാദ് എയർ പോർട്ടുകളിൽ സ്ഥിതി ചെയ്യുന്ന ആനിമൽ ക്വാറന്റൈൻ, സർട്ടിഫിക്കേഷൻ സർവീസ് സ്റ്റേഷനിൽകൂടെ മാത്രമേ കൊണ്ടുവരാൻ അനുമതിയുള്ളൂ.

കന്നുകാലികളില്കൂടെയും അവയുടെ ഉത്പന്നങ്ങളിലൂടെയും രാജ്യത്തു രോഗവ്യാപ്തി തടയുന്നതിനുവേണ്ടി 1898ലെ ലൈവ്സ്റ്റോക്ക് ഇറക്കുമതി നിയമം, 2001ലെ ഭേദഗതി നിയമം എന്നിവ പ്രകാരം കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീരോൽപാദന മന്ത്രാലയമാണ് അവയുടെ ഇറക്കുമതി നിയന്ത്രിക്കുന്നത്

## റേഷൻ കാർഡ് മസ്റ്ററിംഗ് 25 വരെ നീട്ടി

**കൊച്ചി:** മുൻഗണനാ വിഭാഗത്തിലുള്ള എഎവൈ (മഞ്ഞ), പിഎച്ച്എച്ച് (പിങ്ക്) റേഷൻ കാർഡുകളി ഉൾപ്പെട്ട അംഗങ്ങൾക്കുള്ള മസ്റ്ററിംഗിനുള്ള സമയപരിധി ഈ മാസം (ഒക്ടോബർ) 25 വരെ നീട്ടി. മസ്റ്ററിംഗ് ചെയ്യാൻ സാധിയ്ക്കാത്ത കുട്ടികളുടെ ആധാർ കാർഡ് പുതുക്കിയ ശേഷം ഒക്ടോബർ 25 നു മുൻപായി റേഷൻകടയിൽ വന്ന് മസ്റ്ററിംഗ് ചെയ്യണം. ഇനിയും മസ്റ്ററിംഗ് ചെയ്യാൻ ബാക്കിയുള്ളവർ തൊട്ടടുത്ത റേഷൻ കടയിൽ പോയി മസ്റ്റർ ചെയ്ത് അംഗത്വം ഉറപ്പ് വരുത്തണം. കിടപ്പ് രോഗികൾ, ശാരീരിക മാനസിക ബുദ്ധിമുട്ട് നേരിടുന്നവർ എന്നിവരെ വീട്ടിലെത്തി മസ്റ്ററിംഗ് ചെയ്യാനായി അടുത്തുള്ള റേഷൻ കടയുമായി ബന്ധപ്പെടേണ്ടതാണ്.

## ന്യുനപക്ഷകമ്മീഷൻ എറണാകുളം ജില്ലാ സിറ്റിങ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്നു

**കൊച്ചി:** ജോലിസ്ഥലത്ത് ഉന്നതോദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും മാനസികപീഡനങ്ങൾ നേരിടുന്നത് സംബന്ധിച്ച് കാലടി പ്ലാന്റേഷന്റെ കല്ലാല എസ്റ്റേറ്റ് ഡിവിഷൻ എഫ് ജീവനക്കാരന്റെ ഹർജിയിൽ പരാതിക്കാരൻ തൊഴിൽപരമായോ മറ്റേതെങ്കിലും തരത്തിലോ ഉള്ള വിവേചനങ്ങൾ നേരിടുന്നില്ലെന്ന് ഉറപ്പ് വരുത്തുവാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്ന് പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ 2011 12 കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലിക സേവനമനുഷ്ഠിച്ചിരുന്നത് പരിഗണിച്ച് സ്ഥിരം നിയമനം ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് എറണാകുളം എടവനക്കാട് സ്വദേശി സമർപ്പിച്ച ഹർജി തീർപ്പാക്കി. 179 ദിവസകാലയളവിലെ നിയമനകാലാവധി കഴിഞ്ഞ സമയം തന്നെ ഹർജികക്ഷിയെ ജോലിയിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതായും ഇതിന് ശേഷം ഉദ്ദേശം 13 വർഷം കഴിഞ്ഞു സമർപ്പിച്ച നിവേദനം നിലവിലെ ചട്ടങ്ങൾ പ്രകാരം പരിഗണിക്കുവാൻ സാധിക്കുകയില്ല എന്ന ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ട് വസ്തുതാപരമാണെന്ന് നിരീക്ഷിച്ച കമ്മീഷൻ, ഇത്തരം ഒരു പരാതി പരിഗണിക്കുന്ന പക്ഷം സമാനമായ മറ്റ് പരാതികളിലും അനുകൂല നിലപാട് സ്വീകരിക്കേണ്ടി വന്നേക്കാം എന്നത് കൂടി കണക്കിലെടുത്ത് ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുത്തരവായി.

ഇടമലയാർ ഇറിഗേഷൻ പദ്ധതിക്കായി ജലസേചന വകുപ്പ് ഏറ്റെടുത്ത ഭൂമിയിൽ നിന്നും കുടിയിറക്കുന്നതിനെതിരെ മഞ്ഞപ്ര അമലാപുരം സ്വദേശി സമർപ്പിച്ച ഹർജിയിൽ, സർക്കാർ അധീനതയിലുള്ള ഭൂമിയിലെ അനധികൃതകുടിയേറ്റങ്ങൾ കമ്മീഷൻ അംഗീകരിക്കുന്നില്ലെങ്കിലും അപേക്ഷകന്റെ സാമൂഹ്യ/സാമ്പത്തികാവസ്ഥ പരിഗണിച്ച് ഏതെങ്കിലും തരത്തിലുള്ള സമാശ്വാസ അനൂകൂല്യം നൽകുവാൻ സാധിക്കുമോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഇടമലയാർ ഇറിഗേഷൻ പ്രോജക്റ്റ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി.

സിറ്റിങ്ങിൽ പരിഗണിച്ച അഞ്ച് പരാതികളിൽ രണ്ടെണ്ണം തീർപ്പാക്കി.



# കാമിയോ ഐ ടി ഫെസ്റ്റ് നടത്തി

**മൂവാറ്റുപുഴ:** നിർമല കോളേജ് കമ്പ്യൂട്ടർ സയൻസ് വിഭാഗം എം സി എ യുടെ ആഭിമുഖ്യത്തിൽ കാമിയോ എന്ന പേരിൽ ഐ ടി ഫെസ്റ്റ് സംഘടിപ്പിച്ചു. 35 കോളേജുകളിൽ നിന്നായി 600 വിദ്യാർഥികൾ ഫെസ്റ്റിൽ പങ്കെടുത്തു. ഐ ടി യുമായി ബന്ധപ്പെട്ട വിവിധ മത്സരങ്ങളായിരുന്നു ഫെസ്റ്റിന്റെ പ്രധാന ആകർഷണം. ഫെസ്റ്റിനോടനുബന്ധിച്ച് വിദ്യാർഥികളുടെ നേതൃത്വത്തിൽ 8 ഇനങ്ങളിലായി ഗെയിം സോണുകളും ഫുഡ് കോർട്ടും ക്യാമ്പസിൽ ഒരുക്കിയിരുന്നു. കോളേജ് പ്രിൻസിപ്പൽ ഫാ ഡോ ജസ്റ്റിൻ കെ കുര്യാക്കോസ്, അഡ്മിനിസ്ട്രേറ്റർ ഫാ ജോസ് പുല്ലോപ്പിള്ളിൽ, കോളേജ് ബർസാർ ഫാ പോൾ കളത്തുർ, വകുപ്പ് മേധാവി ഷെറി ഒ പണിക്കർ, സ്റ്റാഫ് കോർഡിനേറ്റർ ഷെറിൻ മാത്യു ജി, സ്റ്റുഡന്റ് കോർഡിനേറ്റർ മഹേഷ് കെ എം എന്നിവർ ഫെസ്റ്റിന് നേതൃത്വം നൽകി.

# റവന്യു സേവനങ്ങൾ പൂർണമായും ഡിജിറ്റലാകും: മന്ത്രി കെ രാജൻ

**തിരുവനന്തപുരം:** റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളുടെ വേഗതയും സുതാര്യതയും ഉറപ്പാക്കാൻ കഴിയുമെന്നതിനാൽ സമ്പൂർണ ഡിജിറ്റൽ സേവനം റവന്യു വകുപ്പിൽ ഉറപ്പു വരുത്തുമെന്ന് റവന്യു വകുപ്പ് മന്ത്രി കെ രാജൻ പറഞ്ഞു. തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നടന്ന ചടങ്ങിൽ റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന പുതിയ 12 ഇസേവനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന നയത്തിന്റെ ഭാഗമായി റവന്യു വകുപ്പും സ്മാർട്ട് ആവുകയാണ്. കേരളത്തിലേറ്റവും കൂടുതൽ പട്ടയങ്ങൾ നൽകിയ സർക്കാരാണിത്. മൂന്ന് വർഷത്തിനുള്ളിൽ 1,80,877 പട്ടയങ്ങളാണ് വിതരണം ചെയ്തത്.

ക്യു ആർ കോഡ് രേഖപ്പെടുത്തിയ ഇപട്ടയങ്ങളാണ് നിലവിൽ നൽകുന്നത്. ജന്മിത്തവുമായി ബന്ധപ്പെട്ട എല്ലാ കേസുകളും അവസാനിപ്പിക്കുന്നതിനുള്ള ശ്രമങ്ങളാണ് നിലവിൽ കേരളം നടത്തുന്നത്. 2022 നവംബർ 1 ന് ആരംഭിച്ച ഡിജിറ്റൽ റീസർവേ 4,85,000 ഹെക്ടറിൽ പൂർത്തിയാക്കാൻ സാധിച്ചത് അഭിമാനകരമാണെന്ന് മന്ത്രി പറഞ്ഞു.

വില്ലേജ് ഓഫീസുകൾ മുതൽ ഡയറക്ടറേറ്റ് വരെയുള്ള മുഴുവൻ സ്ഥാപനങ്ങളും സേവനങ്ങളും ഡിജിറ്റലാക്കി മാറ്റും. ലോക കേരള സഭയുടെ രണ്ടാമത്തെ എഡിഷനിൽ റവന്യു വകുപ്പ് പ്രഖ്യാപിച്ച പ്രവാസി മിത്രം പോർട്ടലിലൂടെ പ്രവാസികൾക്ക് റവന്യു അപേക്ഷയുടെ നിജസ്ഥിതി പരിശോധിക്കുന്നതിനുള്ള അവസരം ഇസേവനങ്ങളിലൂടെ ലഭിക്കും. പ്രവാസികൾക്ക് ഭൂ നികുതി, കെട്ടിട നികുതി, തരം മാറ്റമടക്കമുള്ള സേവനങ്ങൾ ഓൺലൈനായി നടത്താം എന്നത് കേരളത്തിന്റെ ചരിത്ര നേട്ടമാന്നെന്ന് മന്ത്രി പറഞ്ഞു.

ഭൂമിയിൻമേൽ ബാങ്കുകളിൽ നിന്നുള്ള വായ്പയുടെ വിശദാംശങ്ങൾ അറിയുന്ന ഇലക്ട്രോണിക് മോർട്ട്ഗേജ് റിക്കോർഡർ മറ്റൊരു പ്രധാന സേവനമാണ്. ഭൂമിയേറ്റെടുക്കൽ നടപടി ക്രമങ്ങൾ സുതാര്യമാക്കുക എന്നതാണ് ലാൻഡ് അക്വിസിഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന സേവനത്തിന്റെ ലക്ഷ്യം. റവന്യു ഇസർവീസുകൾ മൊബൈൽ ആപ്പിലൂടെ ഉടൻ തന്നെ ലഭ്യമാകുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണെന്നും മന്ത്രി അറിയിച്ചു.

10 വിദേശ രാജ്യങ്ങളിൽ ലഭ്യമാകുന്ന ഭൂസംബന്ധമായ സേവനങ്ങൾ, ഇലക്ട്രോണിക് മോർട്ട്ഗേജ് റിക്കോർഡറായ www.emr.kerala.gov.in, ഏത് ഭൂമിയും തിരയുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്ന www.revenue.kerala.gov.in, കെ ബി ടി അപ്പീൽ ഓൺലൈൻ സംവിധാനം, റവന്യൂ റിക്കവറി ഡിജിറ്റൽ പെയ് മെന്റ്, ബിസിനസ് യൂസർ ജഅച ഉപയോഗിച്ചുള്ള ലോഗിൻ സൗകര്യം, റവന്യൂ ഇ സർവ്വീസ് മൊബൈൽ ആപ്പ്, ലാൻഡ് അക്വിസിഷൻ മാനേജ്മെന്റ് സിസ്റ്റമായ www.lams.revenue.kerala.gov.in, വില്ലേജ് ഡാഷ്ബോർഡ് ഢഛരങകട, ഗ്രീവെൻസ് & ഇന്നോവേഷൻസ്, സാമൂഹ്യ സുരക്ഷാ പെൻഷൻ, റവന്യൂ ഇകോടതി എന്നിവയാണ് പുതിയതായി നടപ്പിലാക്കുന്ന ഇസേവനങ്ങൾ.

ആന്റണി രാജു എം എൽ എ അധ്യക്ഷത വഹിച്ചു.

## ഡിഗ്രി ഇൻ നഴ്സിംഗ് & പാരാമെഡിക്കൽ കോഴ്സ്

**തിരുവനന്തപുരം:** 202425 അദ്ധ്യയന വർഷത്തെ ബി.എസ്.സി നഴ്സിംഗ് കോഴ്സിനും പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേക്കും എൻആർഐ ക്വാട്ടയിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനത്തിനുള്ള ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ് ഒക്ടോബർ 15 ന് നടത്തും. www.lbscetnre.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ ഒക്ടോബർ 14 ന് ഓൺലൈനായി പുതുതായി കോഴ്സ് / കോളേജ് ഓപ്ഷനുകൾ സമർപ്പിക്കണം. മുൻപ് സമർപ്പിച്ച ഓപ്ഷനുകൾ പരിഗണിക്കുന്നതല്ല. എൽ.ബി.എസ് വെബ്സൈറ്റിൽ കാണിച്ചിട്ടുള്ള എൻആർ ഐ ക്വാട്ടയിൽ സമർപ്പിക്കേണ്ട രേഖകൾ എല്ലാം നിർബന്ധമായും പ്രവേശനസമയത്ത് ഹാജരാക്കണം. അലോട്ട്മെന്റ് ലഭിക്കുന്നവർ ഫീസ് ഒടുക്കി അതത് കോളേജുകളിൽ ഒക്ടോബർ 16 നകം കോളേജുകളിൽ പ്രവേശനം നേടേണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2560363, 64.

## കുസാറ്റ്: ഒരാഴ്ചത്തെ ദേശീയ ഫാക്കൽറ്റി ഡവലപ്പ്മെൻറ് പ്രോഗ്രാം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഡിഡിയു കൌശൽ കേന്ദ്രയും (ഡിഡിയുകെകെ) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൌൺസിലുമായി സഹകരിച്ച് നവംബർ 4 മുതൽ 9 വരെ ഇൻഡസ്ട്രി കൺസൾട്ടിംഗ് പ്രോജക്ടുകൾക്കായി ഒരാഴ്ചത്തെ ദേശീയ ഫാക്കൽറ്റി ഡവലപ്പമെൻറ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. കുസാറ്റ് സെമിനാർ കോംപ്ലക്സിൽ വച്ച് നടക്കുന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. ഡി. ആർ. ജുനൈദ് ബുഷിരി ഉദ്ഘാടനവും ഇ.വൈ ബെംഗളൂരുവിലെ പാർട്ണർ രാജേഷ് നായർ മുഖ്യപ്രഭാഷണവും നിർവഹിക്കും.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഫാക്കൽറ്റി അംഗങ്ങൾ, വ്യവസായ പ്രൊഫഷണലുകൾ, എൻജിഒ എക്സിക്യൂട്ടീവുകൾ, ഗവേഷണ വിദ്യാർത്ഥികൾ എന്നിവരെ വ്യവസായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കും സാമൂഹിക പ്രശ്നങ്ങൾക്കും പരിഹാരം നൽകുന്നതിന്റെ ഭാഗമായി കൺസൾട്ടിംഗ് പ്രോജക്ടുകളുമായി ഇടപഴകുന്നതിന് പ്രാപ്തരാക്കുക എന്നതാണ് ഈ പ്രോഗ്രാം ലക്ഷ്യമിടുന്നത്. സെമിനാറുകൾ, ശിൽപശാലകൾ, വിദഗ്ധരുമായുള്ള സെഷനുകൾ എന്നിവ പരിപാടിയിൽ ഉണ്ടായിരിക്കും. കൺസൾട്ടിംഗ് ജോലിയുടെ നിയമപരവും ധാർമ്മികവുമായ പരിഗണനകളെക്കുറിച്ചും കൺസൾട്ടിംഗ് പ്രോജക്ടുകൾ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചുള്ള ഉൾക്കാഴ്ചകളെക്കുറിച്ചും ചർച്ച ചെയ്യും.

കേരള സർവകലാശാല ഡീൻ ഡോ.ഗബ്രിയൽ സൈമൺ തട്ടിൽ, സംരംഭകനും എഴുത്തുകാരനുമായ, എസ്.ആർ നായർ, സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻസ് വൈസ് ചെയർമാൻ, സഹസ്ഥാപകൻ ബി.ആർ സ്വരൂപ്, രാജഗിരി ബിസിനസ് സ്കൂൾ കൺസൾട്ടിംഗ് ഡയറക്ടർ ഐസക് വർഗീസ്, ആർഎച്ച്ഒ കൺസൾട്ടിംഗ് (പി) ലിമിറ്റഡ് മാനേജ്മെന്റ് കൺസൾട്ടന്റ് & ഡയറക്ടർ ഡോ. പി. രവീന്ദ്രനാഥ്, ഫിൻപ്രോവ് ലേണിംഗ് സിഇഒ ആനന്ദ് കുമാർ, ബസ്സ്റ്റോപ്പ് ഇന്റഗ്രേറ്റഡ് കമ്മ്യൂണിക്കേഷൻസ് മാനേജിങ് ഡയറക്ടർ ഡോമിനിക് സാവിയോ, പാഡിൽ ബിസിനസ് കൺസൾട്ടന്റ്സ് എൽഎൽപി സിഇഒ & മാനേജിംഗ് പാർട്ണർ ഡോ. രഞ്ജിത് രാജ്, ടിസിഎസ് ഡെലിവറി പാർട്ണർ & റിലേഷൻഷിപ്പ് ഹെഡ് അരുൺ നാരായൺ, ബി.എം ലോ, അഡ്വക്കേറ്റ്സ് & നോട്ടറീസ് അഡ്വകേറ്റ്, അഡ്വ.നൈനാൻ ജോൺ, ഡിഫോഗ് ഗ്രോത്ത് മാനേജ്മെന്റ് കൺസൾട്ടിംഗ് സി.ഇ.ഒ.അജയ രാജ് പാലശ്ശേരി, ഫിൻലീഡ് ഇന്റർനാഷണൽ മാനേജ്മെന്റ് പാർട്ണർ കണ്ണൻ സുരേന്ദ്രൻ, കുസാറ്റ് എസ്എംഎസ് അസിസ്റ്റന്റ് പ്രഫസർ ഡോ. നിമിത അബൂബക്കർ, കുസാറ്റ് എസ്എംഎസ് അസിസ്റ്റന്റ് പ്രഫസർ ഡോ. മനു മെൽവിൻ ജോയ് എന്നിവരാണ് റിസോഴ്സ് പേഴ്സണസ്. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഒക്ടോബർ 31 ന് മുമ്പ് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് fdpconsultancyddukk@gmail.com എന്ന മെയിലിലോ 8547016860, 8547586790 എന്ന നമ്പറുകളിലോ ബന്ധപ്പെടുക



# എക്സ്പീരിയൻസ് മലബാർ'; ഉല്ലാസ യാത്രികർക്ക് വോൾവോ ബസുമായി കെഎസ്ആർടിസി

**കൊല്ലം:** കെഎസ്ആർടിസി ബജറ്റ് ടൂറിസത്തിന്റെ ആദ്യ മൾട്ടി ആക്സിൽ എസി വോൾവോ ഉല്ലാസ യാത്ര 18ന് വൈകിട്ട് 6ന് മേയർ പ്രസന്ന ഏണസ്റ്റ് ഫ്ലാഗ് ഓഫ് ചെയ്യും. പ്രകൃതി, ചരിത്രം, രുചി എന്ന ടാഗ് ലൈനിൽ 'എക്സ്പീരിയൻസ് മലബാർ' എന്ന പേരിലാണ് യാത്ര അവതരിപ്പിക്കുന്നത്. മലബാർ മേഖലയിലെ പ്രധാന ചരിത്ര സ്മാരകങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, രുചിയിടങ്ങൾ എന്നിവ യാത്രയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 18ന് വൈകിട്ട് 6ന് ആരംഭിക്കുന്ന യാത്ര 20ന് രാത്രിയോടെ മടങ്ങിയെത്തും. 3200 രൂപയാണ് നിരക്ക്. അറക്കൽ മ്യൂസിയം, സെന്റ് അഞ്ചലോ ഫോർട്ട്, പറശ്ശിനിക്കടവ്, പാപ്പിനിശ്ശേരി, ബേക്കൽ കോട്ട, പഴശ്ശി മ്യൂസിയം, ലോകനാർക്കാവ് കാപ്പാട് ബീച്ച്, മിഠായിത്തെരുവ്, ബേപ്പൂർ എന്നിവയാണ് സന്ദർശിക്കുന്ന സ്ഥലങ്ങൾ.

# കാഷ്യൂ കോർപ്പറേഷൻറെ ഓണ വില്പന എട്ടുകോടി

**കൊല്ലം:** കശുവണ്ടി പരിപ്പിൻറേയും മൂല്യവർധിത ഉല്പന്നങ്ങളുടെയും വില്പനയിലൂടെ ഓണക്കാലത്ത് കാഷ്യൂ കോർപ്പറേഷന് ആഭ്യന്തര വിപണിയിൽ എട്ടുകോടി രൂപയുടെ വില്പന നടത്തി.

ഓണക്കാലത്തെ വില്പനയ്ക്കായി 14 ജില്ലകളിലും വിപണന കേന്ദ്രങ്ങൾ നടത്താൻ താല്പര്യമുള്ളവരുടെ സംഗമങ്ങൾ ചേർന്നു. 126 പുതിയ ഏജൻസികൾ ഓണക്കാലത്ത് കാഷ്യൂ കോർപ്പറേഷൻ ആരംഭിച്ചു.

26 സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലുള്ള ഔട്ട് ലൈറ്റുകൾ, കോർപ്പറേഷൻറെ 30 ഫാക്ടറി ഔട്ട് ലൈറ്റുകൾ, സഞ്ചരിക്കുന്ന വിപണന വാഹനം എന്നിവയിലൂടെയാണ് എട്ടു കോടി രൂപയുടെ വില്പന നടത്തിയത്.

കൂടുതൽ ഔട്ട് ലെറ്റുകൾ തുറന്ന് ആഭ്യന്തര വിപണി ശക്തിപ്പെടുത്തുമെന്ന് കാഷ്യൂ കോർപ്പറേഷൻ ചെയർമാൻ എസ്. ജയമോഹനും മാനേജിംഗ് ഡയറക്ടർ കെ. സുനിൽ ജോണും അറിയിച്ചു.




# തൊടുപുഴ നഗരസഭാ വികസന പദ്ധതിക്ക് ഏഴു കോടി

**തൊടുപുഴ:** നഗരസഭയിൽ വിവിധ വികസന പദ്ധതികൾക്കായി സർക്കാർ ഏഴു കോടി അനുവദിച്ചു. 2023 ഡിസംബർ പത്തിനു നടന്ന നവകേരള സദസിൽ നൽകിയ വിവിധ അപേക്ഷകൾ പരിഗണിച്ചാണിത്.

തൊടുപുഴ അഗ്നിരക്ഷാ നിലയത്തിൻറെ ഓഫീസ് നിർമാണത്തിന് 2.50 കോടി അനുവദിച്ചു. ഫയർ സ്റ്റേഷൻ നിർമിക്കാൻ വകുപ്പിന് തൊടുപുഴയിൽ സ്വന്തമായി സ്ഥലമുണ്ട്. കെട്ടിട നിർമാണത്തിനുള്ള ശിപാർശ അധികൃതർ നേരത്തേ തയാറാക്കി നൽകിയിരുന്നു.

മുതലക്കോടം പഴുക്കാക്കുളം റോഡിന് 2.5 കോടിയും കാരിക്കോട് കുന്നം റോഡ് നിർമാണത്തിന് രണ്ടു കോടി രൂപയും അനുവദിച്ചു. കാലങ്ങളായി പഴുക്കാക്കുളം, ഉണ്ടപ്ലാവ്, പട്ടയംകവല നിവാസികളുടെ ആവശ്യമായിരുന്നു ഈ റോഡുകളുടെ പുനർനിർമാണം. ആധുനിക നിലവാരത്തിൽ ഈ റോഡുകൾ പുനർനിർമിക്കും.



# നിലയ്ക്കലിൽ 10,000 വാഹനങ്ങൾക്ക് പാർക്കിങ് ഉറപ്പാക്കുമെന്ന് കലക്ടർ

**നിലയ്ക്കൽ:** ശബരിമല തീർഥാടനകാലത്ത് നിലയ്ക്കലിൽ 10,000 വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുമെന്ന് കലക്ടർ എസ്.പ്രേം കൃഷ്ണൻ. തീർഥാടനവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് നിരത്ത് വിഭാഗം, വാട്ടർ അതോറിറ്റി, എൻഎച്ച് എന്നിവയുടെ ഇലവുങ്കൽവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി. നിലയ്ക്കലിൽ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽനടക്കുന്ന പ്രവൃത്തികൾ പരിശോധിച്ചു. മണ്ണാറകുളഞ്ഞി, കുമ്പളാംപൊയ്ക, വടശ്ശേരിക്കര, കന്നാംപാലം, മാടമൺ, കൂനങ്കര, പ്ലാപ്പള്ളി, ഇലവുങ്കൽ, നിലയ്ക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ വിവിധ പ്രവൃത്തികളുടെ പുരോഗതിയും വിശകലനം ചെയ്തു.

നിലയ്ക്കലിൽ പാർക്കിങ് സൗകര്യം ഒരുക്കുന്നതിനായി മരങ്ങൾ മുറിക്കുകയാണ്. പാറകളും കല്ലുകളും മാറ്റുന്നുമുണ്ട്. ദേവസ്വം ബോർഡിന്റെ പരിധിയിലുള്ള റോഡുകളുടെ അറ്റകുറ്റപണികൾ വേഗത്തിലാക്കാൻ നിർദേശം നൽകി.

പത്തനംതിട്ടപമ്പ റോഡിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം, എൻഎച്ച് വകുപ്പുകളുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കണം. റോഡിൽ അപകടകരമായി നിൽകുന്ന മരച്ചില്ലകൾ വെട്ടി മാറ്റണം. റോഡരികുകളിലെ അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ സുരക്ഷാ വേലികൾ ഉറപ്പാക്കണം. റോഡിലേക്ക് പടർന്ന കാട് വെട്ടിത്തെളിക്കണം. സൂചനാ ബോർഡുകൾ സ്ഥാപിക്കണം.

റോഡിന്റെ ടാറിങ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കണം. വാട്ടർ അതോറിറ്റിയുടെ നാല് കിലോമീറ്റർ ദൂരത്തിലുള്ള പ്രവൃത്തി ഉൾപ്പടെയുള്ളവ തീർഥാടനം ആരംഭിക്കുന്നതിന് മുമ്പ് പൂർത്തിയാക്കാൻ പ്രത്യേക നിർദേശവും നൽകി.

വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ കലക്ടറെ അനുഗമിച്ചു.

# ഗോശ്രീ സമാന്തരപാലങ്ങൾക്ക് വഴിയൊരുങ്ങുന്നു; പുക്കാട് മുളവുകാട് പാലത്തിനും നിർദേശം



**വല്ലാർപാടം:** പതിറ്റാണ്ടായി ഉയരുന്ന ജനകീയാവശ്യത്തിനൊടുവിൽ ഗോശ്രീ ഒന്നും മൂന്നും പാലങ്ങൾക്ക് സമാന്തരപാലങ്ങൾ പണിയാൻ കളമൊരുങ്ങുന്നു. ഇതിനായി പ്രാഥമിക നടപടി ആരംഭിച്ചതായാണ് കെ.എൻ.ഉണ്ണിക്കൃഷ്ണൻ എംഎൽഎയുടെ സബ്മിഷനു മറുപടിയായി മന്ത്രി മുഹമ്മദ് റിയാസ് കഴിഞ്ഞദിവസം നിയമസഭയെ അറിയിച്ചത്. എളങ്കുന്നപ്പുഴ പുക്കാട് മുളവുകാട് പാലം നിർമിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടപടി ആരംഭിക്കാൻ ബ്രിജസ് വിഭാഗത്തിനു നിർദേശം നൽകിയതായും മന്ത്രി അറിയിച്ചു. വൈപ്പിൻ മാല്യങ്കരപാലം തുറക്കുകയും റോറോ സർവീസ് ആരംഭിക്കുകയും ചെയ്തതോടെ വാഹനഗതാഗതം പതിൻമടങ്ങു വർധിച്ച സാഹചര്യത്തിൽ ഗോശ്രീപാലങ്ങൾ മതിയാകാതെ വരുമെന്നു ചൂണ്ടിക്കാട്ടിയാണ് മുറവിളി ഉയർന്നിരുന്നത്. വൈപ്പിനിൽ നിർദിഷ്ട തീരദേശഹൈവേ വരികയും മുനമ്പം അഴീക്കോട് പാലം തുറക്കുകയും ചെയ്യുന്നതോടെ ഗതാഗതം ഇനിയും വർധിക്കും. നിലവിൽ ഗോശ്രീ മൂന്നു പാലങ്ങളിൽ രണ്ടാമത്തേതിനു( വല്ലാർപാടം ബോൾഗാട്ടി) സമാന്തരമായി പാലമുണ്ട്. ഒന്നും മൂന്നും പാലങ്ങൾക്കു സമാന്തരമായി പാലങ്ങൾ നിർമിച്ചാൽ ഗോശ്രീറോഡിൽ 4 വരി ഗതാഗതമാകും. ഇരു സമാന്തരപാലങ്ങളും നിർമിക്കുന്നതിനു നിലവിലുള്ള പാലങ്ങൾക്കരികിൽ ഭൂമിയുണ്ടെന്നിരിക്കെ നിർമാണച്ചെലവ് മാത്രമാണു കണ്ടെത്തേണ്ടത്.

വൈപ്പിൻ, വല്ലാർപാടം, മുളവുകാട് ദ്വീപുകളെ നഗരവുമായി ബന്ധിപ്പിച്ച പാലം തുറന്നതോടെ വൈപ്പിൻ, കണ്ടെയ്നർ റോഡ് വഴിയുള്ള ഗതാഗതം വർധിച്ചു. വല്ലാർപാടം ടെർമിനലിൽ നിന്നുള്ള കണ്ടെയ്നർ ട്രെയ്ലറുകൾ ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്നത് പതിവായി. ബോൾഗാട്ടി പാലസ്, ഹയാത്ത് കൺവൻഷൻ സെന്റർ എന്നിവിടങ്ങളിൽ വലിയപരിപാടികൾ നടക്കുമ്പോൾ ഇതുവഴിയുള്ള ഗതാഗതം സ്തംഭിക്കും.

ഗോശ്രീ റോഡിലോ, പാലത്തിലോ അപകടമുണ്ടായാലും തടസ്സം നേരിടും. സമാന്തരപാലങ്ങൾ ഈ പ്രശ്നങ്ങൾക്കു പരിഹാരമാകും. മൂന്നാംപാലത്തിനസമാന്തരമായി ഗോശ്രീ ജംക്ഷനിൽ നിന്ന് വല്ലാർപാടത്തേക്ക് പാലം നിർമിക്കുന്നതിന് 40.50 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിനു സമർപ്പിച്ചിട്ടുണ്ട്.



# 200 വർഷം, 200 മിനിറ്റ്, 200 പേർ സമ്പൂർണ ബൈബിൾ പാരായണം

**ആലപ്പുഴ:** ചമ്പക്കുളം കല്ലൂർക്കാട് സെൻറ് മേരീസ് ബസിലിക്കയിൽ 200 പേർ ചേർന്ന് 200 മിനിറ്റുകൊണ്ട് സമ്പൂർണ ബൈബിൾ പാരായണം ചെയ്യുന്നു. 1824ൽ ചമ്പക്കുളം കല്ലൂർക്കാട് പള്ളിയിൽ ആരംഭം കുറിച്ച ദർശനസഭയുടെ ദ്വിശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായിട്ടാണ് 200 പേർ ചേർന്ന് 200 മിനിറ്റുകൊണ്ട് സമ്പൂർണ ബൈബിൾ പാരായണം സംഘടിപ്പിച്ചിരിക്കുന്നത്.

ബൈബിളിലെ പഴയനിയമം ഉത്പത്തി മുതൽ പുതിയ നിയമത്തിലെ വെളിപാടു വരെയുള്ള ഭാഗം ഇരുനൂറ് പേർ നിശ്ചിത അധ്യായങ്ങൾ വീതം ഒരേ സമയത്ത് പാരായണം ചെയ്യും.

കേരളത്തിലെ സുറിയാനി പള്ളികളിൽ ആദ്യമായി ദർശനം സമൂഹം തുടക്കം കുറിച്ചത് ചമ്പക്കുളം കല്ലൂർക്കാട് പള്ളിയിലായിരുന്നു. സിഎംഐ സഭാ സഹസ്ഥാപകനും കല്ലൂർക്കാട് ഇടവകാംഗവുമായിരുന്ന പോരുക്കര തോമ്മാ മല്പാൻറെ പ്രേരണയാലും ആത്മീയ മേൽനോട്ടത്തിലുമാണ് കല്ലൂർക്കാട് പള്ളിയിൽ ദർശന സഭയ്ക്കു തുടക്കം കുറിച്ചത്. മധ്യദശകങ്ങളിൽ യൂറോപ്പിൽ സന്യാസഭവനങ്ങളോട് ചേർന്ന് പ്രവർത്തിച്ചുവന്നിരുന്ന അല്മായരുടെ ഒരു സമൂഹമായിരുന്നു ദർശനസമൂഹങ്ങൾ. പിൽക്കാലത്ത് അവ ദേവാലയ കേന്ദ്രീകൃതമായി മാറി.

സന്യാസസഭകളെ അനുകരിച്ച് സുവിശേഷ നിഷ്ഠമായ ഒരു പ്രത്യേക ആദർശം പുലർത്തി പ്രവർത്തിക്കുന്നവരുടെ സമൂഹമായിട്ടാണ് ദർശന സമൂഹങ്ങൾ രൂപപ്പെട്ടത്.

ദർശാസഭാ അംഗങ്ങളും ഇടവകാംഗങ്ങളും ചേർന്ന് 12ന് ഉച്ചയ്ക്ക് ഒന്നിന് സമ്പൂർണ ബൈബിൾ പാരായണം നടത്തുന്നത്. ഒമ്പതിന് ആരംഭിച്ച് 20ന് സമാപിക്കുന്ന കല്ലൂർക്കാട് പള്ളിയിലെ പുഷ്പറോസ് മാതാവിൻറെ 200മത് ദർശന ത്തിരുനാളിനോടനുബന്ധിച്ചാണ് ബൈബിൾ പാരായണം നടത്തുന്നത്.

16 നൂറ്റാണ്ടിൻറെ പാരമ്പര്യമുള്ള കല്ലൂർക്കാട് പള്ളിയുടെ മൂന്ന് നൂറ്റാണ്ടിനപ്പുറത്ത് സിലോൺ കലാകാരൻമാരുടെ കരവിരുതിൽ രൂപപ്പെട്ട ചിത്രാങ്കിതമായ കല്ലൂർക്കാട് പള്ളിയിൽ ഇരുന്ന് ഈ ചരിത്ര സംഭവത്തിന് സാക്ഷ്യം വഹിക്കാനും പങ്കാളികളാകാനുമുള്ള ഒരുക്കത്തിലാണ് ഇടവകക്കാർ.

തങ്ങളുടെ പ്രിയപ്പെട്ട റെക്ടർ (കപ്ലോൻ വികാരി) ഗ്രിഗറി ഓണംകുളം അച്ചൻ വളരെ താത്പര്യമെടുത്ത് നടത്താനിരുന്നതാണ് സമ്പൂർണ ബൈബിൾ പാരായണം. ഒക്ടോബർ 3ന് അച്ചൻറെ ആകസ്മിക വേർപാടിന് മുൻപ് തന്നെ ഈ മഹാ സംഭവത്തിനു വേണ്ട ഒരുക്കങ്ങൾ അച്ചൻ നടത്തിയിരുന്നു.

## കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 50.48 കോടിയുടെ പദ്ധതികൾ

**കോലഞ്ചേരി:** കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതി വകുപ്പ് 50.48 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതായി മന്ത്രി കെ. കൃഷ്ണൻകുട്ടി നിയമസഭയിൽ അറിയിച്ചു. ഇത് സംബന്ധിച്ച പി.വി. ശ്രീനിജിൻ എംഎൽഎയുടെ നിയമസഭാ ചോദ്യത്തിന് മറുപടിയായിട്ടാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

രണ്ടാം പിണറായി സർക്കാർ വന്ന ശേഷം കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതി വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ചും പദ്ധതികളിൽ പൂർത്തീകരിക്കാത്ത പ്രവർത്തികൾ വേഗത്തിൽ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടായിരുന്നു എംഎൽഎയുടെ നിയമസഭ ചോദ്യം.

കെഎസ്ഇബിഎല്ലിൻറെ തനത് ഫണ്ട് ഉപയോഗിച്ച് 5048.395 ലക്ഷം രൂപയുടെ പ്രവർത്തികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ 716.37 ലക്ഷം രൂപയുടെ പ്രവർത്തികൾ ഇതുവരെ പൂർത്തീകരിച്ച് കഴിഞ്ഞു.

ഇതുവരെ പൂർത്തിയാക്കാത്ത പ്രവർത്തികളുടെ എഗ്രിമെൻറ് വയ്ക്കുന്നത് ഉൾപ്പെടെയുള്ള ടെൻഡർ നടപടികൾ നടപ്പിലാക്കുന്നതിനും മെറ്റീരിയലിൻറെ ലഭ്യത ഉറപ്പ് വരുത്തിയും അതാത് സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കെഎസ്ഇബിഎൽ കൈക്കൊണ്ടുവന്നതായും മന്ത്രി എംഎൽഎയെ നിയമസഭയിൽ അറിയിച്ചു.

## നവീകരണ പ്രവൃത്തികൾ വേഗത്തിലാക്കും; മുഖം മാറാനൊരുങ്ങി സരോവരം

**കോഴിക്കോട്:** നഗരത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായ സരോവരം ജൈവ ഉദ്യാനവീകരണ പ്രവൃത്തികളുമായി ബന്ധപ്പെട്ട തുടർ നടപടികൾ വേഗത്തിലാക്കും.പാർക്ക് നവീകരണത്തിനായി 2.19 കോടിയുടെ പദ്ധതികൾക്ക് കഴിഞ്ഞ ദിവസം വിനോദസഞ്ചാര വകുപ്പ് ഭരണാനുമതി നൽകിയിരുന്നു.സിസിടിവി ഉൾപ്പെടെ സജ്ജമാക്കിക്കൊണ്ടുള്ള നവീകരണ പദ്ധതികളാണ് ലക്ഷ്യമിടുന്നത്.

ഓപൺ എയർ തിയറ്റർ ,ബയോ പാർക്കിനകത്തെ കല്ല് പാകിയ നടപ്പാത, റെയിൻ ഷെൽട്ടറുകൾ, കുട്ടികളുടെ പാർക്ക്, ചുറ്റുമതിൽ, മരം കൊണ്ടുള്ള ചെറുപാലങ്ങൾ, സെക്യൂരിറ്റി കാബിൻ, കവാടം എന്നിവ നവീകരിക്കും. തുരുമ്പെടുത്തതും പൊട്ടിയതുമായ ഇരിപ്പിടങ്ങൾ,കേടായ വിളക്കുകാലുകൾ എന്നിവ നന്നാക്കുകയും ആവശ്യമായ ഭാഗങ്ങളിൽ പുതിയ വിളക്കുകാലുകൾ സ്ഥാപിക്കുകയും ചെയ്യും.വിവിധ പരിപാടികൾക്കായി ആളുകൾ എത്തിച്ചേരുന്ന ഓപൺ സ്റ്റേജും പരിസരവും മഴ നനയാതെ ഇരിക്കാനുള്ള ചെറുതും വലുതും ആയ റെയിൻ ഷെൽട്ടറുകൾ, കഫ്റ്റീരിയ, അമിനിറ്റി സെൻറർ, ടോയ്‌ലറ്റ് ബ്ലോക്ക് എന്നിവയുടെ നവീകരണം നടത്തുക എന്നീ പ്രവൃത്തികളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികളും കുടുംബവും ഉൾപ്പെടെ നൂറുകണക്കിന് ആളുകൾ എത്തുന്ന ഇടമാണ് ഈ ജൈവ ഉദ്യാനം. പ്രഭാത സവാരിക്കും വ്യായാമത്തിനും ധാരാളം ആളുകൾ ഇവിടെ സമയം ചെലവഴിക്കുന്നു. ജില്ലയിലെ മികച്ച വിനോദസഞ്ചാര കേന്ദ്രമായി സരോവരം പാർക്കിനെ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി വകുപ്പ് മുന്നോട്ടുപോവുകയാണെന്നാണ് മന്ത്രി മുഹമ്മദ് റിയാസ് പറയുന്നത്.

# എറണാകുളം കെഎസ്ആർടിസി സ്റ്റാൻഡ്: പുതിയ ടെർമിനൽ നിർമാണം നവംബറിൽ തുടങ്ങും

**കൊച്ചി:** എറണാകുളം കെഎസ്ആർടിസി ബസ് സ്റ്റാൻഡ് ആധുനീകരിക്കുന്നതിന്റെ ഭാഗമായി പുതിയ ടെർമിനൽ നിർമാണം നവംബർ ആദ്യവാരം ആരംഭിക്കാൻ ധാരണയായി. തിരുവനന്തപുരത്ത് ചേർന്ന മന്ത്രിതല യോഗത്തിലാണ് തീരുമാനം. കരിക്കാമുറിയിലെ ഭൂമിയിൽ കെഎസ്ആർടിസി ബസുകൾക്കും സ്വകാര്യ ബസുകൾക്കും കയറാൻ കഴിയുന്ന വിധം വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ മാതൃകയിലുള്ള കെട്ടിടം നിർമിക്കുന്നതിനാണ് പദ്ധതി തയാറാക്കിയിട്ടുള്ളത്. കൺസ്ട്രക്ഷൻ കോർപറേഷനാണ് നിർമാണച്ചുമതല. വ്യവസായ മന്ത്രി പി.രാജീവ്, ഗതാഗതമന്ത്രി കെ.ബി.ഗണേഷ് കുമാർ, കൊച്ചി മേയർ എം.അനിൽകുമാർ, ടി.ജെ.വിനോദ് എംഎൽഎ, ജില്ലാ കലക്ടർ എൻ.എസ്.കെ.ഉമേഷ്, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

കൊച്ചിൻ സ്മാർട് മിഷൻ ലിമിറ്റഡ് (സിഎസ്എംഎൽ) 12 കോടി രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. എറണാകുളം കെഎസ്ആർടിസി ബസ് സ്റ്റാൻഡിന്റെ നിർദിഷ്ട സ്ഥലം വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റിക്ക് ഉടമസ്ഥാവകാശമില്ലാതെ, കൈവശാവകാശത്തോടെ നൽകും. പ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാക്കാനുള്ള മാർഗങ്ങൾ അന്തിമമാക്കിയിട്ടുണ്ട്.



വെള്ളം പമ്പ് ചെയ്ത് റെയിൽവേ ട്രാക്കിനടിയിലൂടെ തോട്ടിൽ എത്തിക്കും. ടെർമിനലിനകത്തേക്ക് വെള്ളം കയറാതിരിക്കാനുള്ള മതിലും നിർമിക്കും. ഇതോടൊപ്പം നാറ്റ്പാക്, സിഡബ്ല്യുആർഡിഎം എന്നിവർ തയാറാക്കുന്ന പഠന റിപ്പോർട്ടിലെ നിർദേശങ്ങളും പരിഗണിക്കും.

നിലവിൽ സ്ഥലത്തുള്ള ഷെഡ് പൊളിച്ചു മാറ്റും. റവന്യു പുറമ്പോക്ക് എൻഒസി ഉടനെ നൽകും. മണ്ണ് പരിശോധന നടത്തി ഡിപിആർ തയാറാക്കുന്ന നടപടികളും ഉടൻ പൂർത്തിയാകും. യാത്രക്കാർക്ക് ആവശ്യമായ സൗകര്യങ്ങൾ, കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവ ഈ കെട്ടിടത്തിലുണ്ടാകും. കൊച്ചി നഗരത്തിൽ കെഎസ്ആർടിസിയുടെയും സ്വകാര്യ ബസുകളുടെയും രണ്ട് ഹബ്ബുകൾ ഇതോടെ നിലവിൽ വരും. കരിക്കാമുറിയിൽ ഹബ് വരുമ്പോൾ അതിനോടു ചേർന്നുതന്നെയാണ് സൗത്ത് റെയിൽവേ സ്റ്റേഷനും എറണാകുളം സൗത്ത് മെട്രോ സ്റ്റേഷനുമെന്നത് യാത്രക്കാർക്ക് ഏറെ പ്രയോജനകരമാകുമെന്ന് മന്ത്രി പി.രാജീവ് പറഞ്ഞു.

# നെല്ലറയുടെ ഗ്രാമവഴികളിലെല്ലാം ഒന്നാംവിള കൊയ്ത്താരവം



**വടക്കഞ്ചേരി:** ഒന്നാംവിള കൊയ്ത്ത് സജീവമായതോടെ നെല്ലറയുടെ ഗ്രാമ വഴികളിലെല്ലാം നെല്ലുണക്കലിൻറെ തിരക്കുകൾ. കൊയ്തെടുക്കുന്ന നെല്ല് അപ്പോൾ തന്നെ സമീപത്തെ വാഹന തിരക്കൊഴിഞ്ഞ റോഡുകളിലും വഴികളിലും ഉണക്കാനിടും. നെല്ല് വൃത്തിയാക്കലും ചാക്കിലാക്കുന്നതുമൊക്കെ ഇവിടെ വച്ചാണ്.

നഷ്ട കണക്കുകളുടെ പെരുമഴ പെയ്യുമ്പോഴും പ്രതീക്ഷയോടെയാണ് കർഷകർ കൊയ്ത്ത് പണികളെല്ലാം നടത്തുന്നത്. ഈ ഗ്രാമ കാഴ്ചകൾ പഴയകാല പ്രതാപത്തിൻറെ ഓർമ പുതുക്കൽ കൂടിയാണ്. പ്രതാപകാലത്തെ ശേഷിക്കുന്ന കർഷക തൊഴിലാളികളാണ് ഇപ്പോൾ നെല്ലു വൃത്തിയാക്കുന്ന പണികൾക്കുള്ളത്.

60 പിന്നിട്ടവരാണ് ഭൂരിഭാഗം പേരും. ഇവരുടെ ആയുസ് തീരുന്നതോടെ കാർഷിക സംസ്കൃതയുടെ ഇത്തരം ഗ്രാമ കാഴ്ചകളും ഇല്ലാതാകും. ചെറുപ്പക്കാരാരും ഈ രംഗത്തേക്ക് കടന്നു വരുന്നില്ല. പുതിയ തലമുറയിലെ സ്ത്രീകളൊന്നും ചെളിയിൽ ചവിട്ടിയുള്ള പണികൾക്ക് വരുന്നില്ലെന്ന് ആയക്കാട് പാടത്തെ ഇടവഴിയിൽ നെല്ല് വൃത്തിയാക്കുന്ന ഓമനയും പത്മാവതിയും പറയുന്നു.

പഴയകാല പ്രതാപത്തിൻറെ പ്രതീകമായാണ് കർഷകരിന്നും നെൽകൃഷിയെ കാണുന്നത്.

നഷ്ടങ്ങളും ഇല്ലായ്മകളും അവഗണിച്ച് തങ്ങളാലാകുന്ന പങ്കാളിത്തം ഇന്നും തുടരുകയാണ് ഈ രംഗത്തെ പാരമ്പര്യ കർഷകർ. നെൽകൃഷിയുടെ വിസ്തൃതിയിൽ വലിയ കുറവുണ്ടായിട്ടുണ്ടെങ്കിലും കൊയ്ത്തുതുടങ്ങിയാൽ കർഷക വീടുകളിലെല്ലാം പുതുനെല്ലിൻറെ ചൂരുയരും. കേരളത്തിലെ മൊത്തം നെല്ലുൽപാദനത്തിൻറെ നല്ലൊരു പങ്കും പാലക്കാട്ടു നിന്നാണെന്നാണ് കണക്ക്. നെൽപ്പാടങ്ങൾ അന്യ വിളകൾക്കും കെട്ടിട സമുച്ചയങ്ങൾക്കും വഴിമാറുമ്പോഴും പാലക്കാടിൻറെ പെരുമ കാക്കാൻ ചെറുതല്ലാത്ത കർഷകപ്പട ഇന്നുമുണ്ട്. മലയോരമേഖല റബറിൽ പ്രതീക്ഷയർപ്പിക്കുമ്പോൾ പാലക്കാട്ടെ സാധാരണക്കാരുടെ വളർച്ചയും തളർച്ചയുമെല്ലാം നെല്ലിനെ ചുറ്റിപ്പറ്റിയാണ്. കൃഷി നശിച്ചാലും നന്നായാലും അതു ജില്ലയിലെ സാമ്പത്തികരംഗത്തെ ബാധിക്കും.

ജില്ലയിൽ ആലത്തൂർ, ചിറ്റൂർ താലൂക്കുകളാണ് നെൽ കൃഷിയിൽ മുന്നിൽ. ആദ്യം കൊയ്ത്ത് ആരംഭിക്കുന്നതും ആലത്തൂർ താലൂക്കിലെ കനാ വെള്ളം എത്താത്ത കരപ്പാടങ്ങളിൽ നിന്നാണ്. ഇക്കുറിയും വടക്കഞ്ചേരിക്കടുത്തെ പരവാശേരി പാടശേഖരത്തിൽ നിന്നായിരുന്നു കന്നിക്കൊയ്ത്ത് തുടങ്ങിയത്.

മഴയെമാത്രം ആശ്രയിച്ചാണ് ഇത്തരം കരപ്പാടകൃഷിയെന്നതിനാൽ ഒന്നാംവിള കൊയ്ത്ത് നേരത്തെയാക്കി രണ്ടാംവിളയ്ക്കുള്ള ഒരുക്കങ്ങൾ നടക്കുകയാണ്. എന്നാൽ ഒന്നാം വിളകൊയ്ത്തിനും നെല്ലുണക്കുന്നതിനും മഴ വില്ലനായി മാറുന്നുണ്ടെന്നു കർഷകർ പറയുന്നു.സപ്ലൈകോയുടെ നെല്ല് സംഭരണം തോന്നും മട്ടിലായതിനാൽ കിട്ടിയ വിലയ്ക്ക് സ്വകാര്യമില്ലുകളിൽ നെല്ല് വിൽക്കേണ്ട ഗതികേടും കർഷകർക്കുണ്ട്.കാർഷിക കലണ്ടർ വ്യക്തമായറിഞ്ഞിട്ടും ബന്ധപ്പെട്ട വകുപ്പുകളും സർക്കാർസംവിധാനങ്ങളും പുറംതിരിഞ്ഞുനിൽക്കുന്നതാണു കർഷകർ നേരിടുന്ന വെല്ലുവിളി.

# ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നാല് ബൃഹദ് പദ്ധതികൾക്ക് തുടക്കം

**തിരുവനന്തപുരം:** സാമൂഹിക പുരോഗതിയും ജനജീവിതനിലവാര വർദ്ധനവും ലക്ഷ്യമിട്ടാണ് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നൂതന ശാസ്ത്ര സാങ്കേതിക വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതെന്ന് മന്ത്രി ആർ ബിന്ദു. ഓരോ ചുവടുവയ്പ്പും സാധാരണക്കാരായ മനുഷ്യർക്കും പ്രയോജനമാകണമെന്ന കാഴ്ചപ്പാടോടെയാണ് സർക്കാർ മുന്നേറുന്നതെന്നും മന്ത്രി പറഞ്ഞു. സർക്കാരിന്റെ നാലാം നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി എപിജെ അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ആരംഭിക്കുന്ന സോഫ്റ്റ്വെയർ ഡെവലപമെന്റ് സെന്ററിന്റേയും പഠന വകുപ്പുകളുടേയും സെക്ഷൻ 8 കമ്പനിയുടേയും ഉദ്ഘാടനം നാലാഞ്ചിറ ഗിരിദീപം കൺവെൻഷൻ സെന്ററിൽ നിർവ്വഹിക്കുകയായിരുന്നു മന്ത്രി. ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററിന്റെ ശിലാഫലകവും മന്ത്രി അനാച്ഛാദനം ചെയ്തു.

ഉന്നതവിദ്യാഭ്യാസമേഖലയിലൂടെ അക്കാദമിക മികവിനോടൊപ്പം നൈപുണ്യത്തിനും പ്രാധാന്യം നൽകി വിദ്യാർഥികളെ തൊഴിൽ മേഖലക്ക് അനുയോജ്യരാക്കുകയാണ്. അഭിമാനകരമായ സ്ഥാപനങ്ങളിൽ തൊഴിൽ നേടാൻ പ്രാപ്തരാക്കുന്നതൊടൊപ്പം ഗവേഷണ കണ്ടെത്തലുകളിലേക്ക് നയിക്കുന്നതിനും സർക്കാർ പ്രോത്സാഹനം നൽകുന്നുണ്ട്. ഗവേഷണ കണ്ടുപിടുത്തങ്ങൾക്ക് പേറ്റന്റുകൾ നൽകുന്ന കേന്ദ്രവും ആരംഭിച്ചു കഴിഞ്ഞു. വിദ്യാർഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള യങ് ഇന്നൊവേറ്റേഴ്സ് പരിപാടിയിലൂടെ അഞ്ചു ലക്ഷം മുതൽ 25 ലക്ഷം രൂപവരെ സർക്കാർ ധനസഹായം നൽകുന്നുണ്ട്.

സമൂഹം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് നൂതന പ്രതിവിധികളും സേവനങ്ങളും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് രണ്ടു വർഷം മുൻപ് ബജറ്റിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ പ്രഖ്യാപിച്ചത്. അതിന്റെ ഭാഗമായാണ് സാങ്കേതിക സർവ്വകലാശാലയിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ പ്രവർത്തനം ആരംഭിക്കുന്നത്. അടിസ്ഥാന മേഖലകളായ വ്യവസായം, ആരോഗ്യം, കാർഷിക രംഗങ്ങളിൽ അനുയോജ്യമായ ഉൽപ്പന്നങ്ങളും ഉപകരണങ്ങളും വികസിപ്പിക്കാനും തൊഴിൽസാധ്യത വർദ്ധിപ്പിക്കാനും കഴിയും. പ്രാദേശിക സാമ്പത്തിക വികസനത്തിനും കേരളത്തിലെ സാമ്പത്തിക അടിത്തറയുടെ വിപുലീകരണത്തിനും ജനജീവിത നിലവാര വർദ്ധനവിനും ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പദ്ധതികൾ പ്രയോജനപ്പെടും. അതിന് സർക്കാരും സമൂഹവും ഒപ്പമുണ്ടെന്നും മന്ത്രി പറഞ്ഞു.

ഈ വർഷം മുതൽ എം ടെക്കിൽ അരംഭിക്കുന്ന സ്കൂൾ ഓഫ് ഇലക്ട്രിക്കൽ സയൻസസ് ആൻഡ് ടെക്നോളജി, സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ സയൻസസ് ആൻഡ് ടെക്നോളജി, സ്കൂൾ ഓഫ് ബിൽഡിംഗ് സയൻസസ് ആൻഡ് ടെക്നോളജി, സ്കൂൾ ഓഫ് മെക്കാനിക്കൽ സയൻസസ് ആൻഡ് ടെക്നോളജി എന്നിവയുടെ പ്രഖ്യാപനവും മന്ത്രി നടത്തി. ഇലക്ട്രിക്കൽ വെഹിക്കിൾ ടെക്നോളജി, എംബെഡഡ് സിസ്റ്റംസ് ടെക്നോളജീസ്, ഇൻഫ്രാസ്ട്രക്ചർ എൻജിനിയറിംഗ് ആൻഡ് മാനേജ്മെന്റ്, മെക്കാനിക്കൽ ആൻഡ് മെറ്റീരിയൽസ് ടെക്നോളജി എന്നിവയിലാണ് ഈ വർഷം മുതൽ എൻജിനിയറിംഗ് വിദ്യാർഥികൾക്ക് സാങ്കേതിക സർവകലാശാലയിൽ എംടെക് പഠനം സാധ്യമാക്കുന്നത്.

കണ്ടെത്തലുകളും ആശയങ്ങളും പരിഹാരങ്ങളും ദൈനദിന ജീവിതത്തിൽ മാറ്റം വരുത്തുന്ന വ്യവസായ മേഖലക്ക് ഗുണകരമാകുന്ന ഉത്പന്നങ്ങളായും നിർമ്മിക്കുവാൻ സഹായിക്കുന്ന ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ വിളപ്പിൽശാലയിൽ സാങ്കേതിക സർവകലാശാല ആസ്ഥാനത്ത് പ്രവർത്തനമാരംഭിക്കും. ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ കിൻഫ്ര പാർക്കിൽ ഉടൻ ആരംഭിക്കുകയാണ്. തനത് സോഫ്റ്റ്വെയറുകൾ വികസിപ്പിക്കുക, വ്യവസായങ്ങൾക്കും കമ്പനികൾക്കും സോഫ്റ്റ്വെയറുകൾ നിർമ്മിച്ച് നൽകുക എന്നതാണ് സോഫ്റ്റ്വെയർ ഡെവലെപ്മെന്റ് സെന്ററിന്റെ രൂപീകരണംകൊണ്ടു ലക്ഷ്യമാക്കുന്നത്.

# പൊതുജലാശങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ പദ്ധതി ഉദ്ഘാടനം ചെയ്തു

**ആലപ്പുഴ:** ജില്ലാ പഞ്ചായത്തിന്റെ 202425 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പൊതുജലാശങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ചമ്പക്കുളം പഞ്ചായത്തിലെ മങ്കൊമ്പ് ബ്ലോക്ക് ഓഫീസ് കടവിലും മങ്കൊമ്പ് ഒന്നാംകര എ സി കനാലിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് ജില്ലാ പഞ്ചായത്ത് വികസന സ്ഥിരംസമിതി അധ്യക്ഷ ബിനു ഐസക്ക് രാജു നിർവഹിച്ചു.

പൊതുജലാശയങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 10 ലക്ഷം രൂപ ചെലവിൽ ഒരു ലക്ഷം കാർപ്, 15000 കരിമീൻ മത്സ്യക്കുഞ്ഞുങ്ങളെയാണ് നിക്ഷേപിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം, ജലമലിനീകരണം, അശാസ്ത്രീയ മൽസ്യബന്ധനം എന്നിവ മൂലം തദ്ദേശീയ മൽസ്യഇനങ്ങളുടെ ലഭ്യത ക്രമാതീതമായി കുറഞ്ഞുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് ജില്ലാപഞ്ചായത്ത് പദ്ധതി നടപ്പാക്കുന്നത്.

ഉദ്ഘാടന ചടങ്ങിൽ ചമ്പക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റ്റി.ജി. ജലജകുമാരി അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.എസ് ശ്രീകാന്ത്, ഗ്രാമപഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ എസ്. മായാദേവി, പഞ്ചായത്ത് അംഗം കെ.എം.സജികുമാർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ബെന്നി വില്യം, ഓഫീസർ എം. ദീപു, കോ ഓർഡിനേറ്റർമാരായ ഷോൺ ശ്യാം സുധാകരൻ, സീമ അമൃത്, പ്രൊമോട്ടർ ലത അശോക്, മൽസ്യത്തൊഴിലാളി കിഷോർ എന്നിവർ സംസാരിച്ചു.

# ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

**ഇടുക്കി:** രാജാക്കാട് സർക്കാർ ഐ.ടി.ഐ യിൽ അരിത്തമെറ്റിക് കം ഡ്രോയിങ് ഇൻസ്ട്രക്ടർ (എ.സി.ഡി) ഗസ്റ്റ് ഇൻസ്ട്രക്ടറെ നിയമിക്കുന്നതിനുള്ള ഇന്റർവ്യൂ ഒക്ടോബർ 16 ന് രാവിലെ 10.30 ന് നടക്കും. എഞ്ചിനിയറിംഗ് ബിരുദം. ഒരു വർഷത്തെ പ്രവൃത്തി പരിചയം അല്ലെങ്കിൽ മൂന്നുവർഷത്തെ എഞ്ചിനിയറിംഗ് ഡിപ്ലോമ. രണ്ട് വർഷത്തെ പ്രവൃത്തി പരിചയം അല്ലെങ്കിൽ രണ്ട് വർഷ മെക്കാനിക്കൽ ഗ്രൂപ്പ്1 ട്രേഡിലുള്ള എന്റ്റിസി/എൻഎസി മുന്നു വർഷത്തെ പ്രവൃത്തി പരിചയം എന്നി യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റ്, അവയുടെ പകർപ്പ് എന്നിവ സഹിതം ഇന്റർവ്യൂവിന് ഹാജരാകണം. ഫോൺ: 04868241813, 9895707399.



കൗൺസിൽ ഓഫ് ആർക്കിടെക്ചർ (സിഒഎ) ദക്ഷിണ മേഖല ആർക്കിടെക്ചർ തീസീസ് എക്സിബിഷനിൽ ജേതാക്കളായ തൃശൂർ ഗവ.എൻജിനിയറിംഗ് കോളജ് സ്കൂൾ ഓഫ് ആർക്കിടെക്ച്ചറിലെ ജോഷിം കുര്യൻ ജേക്കബ്ബും, കൊല്ലം ടികെഎം എൻജിനീയറിംഗ് കോളജ് സ്കൂൾ ഓഫ് ആർക്കിടെക്ച്ചറിലെ മരിയ ജോയിയും സിഒഎ വൈസ് പ്രസിഡന്റ് ആർക്കിടെക്റ്റ് ഗജാനന്ദ് റാമിൽ നിന്നും അവാർഡ് ഏറ്റുവാങ്ങിയപ്പോൾ. നഹീമാ ഷാനവാസ്, ധനകോടി, തൗഹിദ് ഹുസൈൻ ഖാൻ, പ്രൊഫ.ബി. ആർ അജിത്, ജയശ്രീ ദേശ്പാണ്ഡെ, അമ്മു അജിത്, ഡോ.ബാബു രാജേശ്വരൻ, മുഹമ്മദ് അനിസ്, അനിരുദ്ധാ പോൾ സമീപം

# ദക്ഷിണ മേഖല ആർക്കിടെക്ചർ എക്സിബിഷൻ: ജോഷിം കുര്യൻ ജേക്കബ്ബും, മരിയ ജോയിയും ജേതാക്കൾ

**കൊച്ചി :** കൗൺസിൽ ഓഫ് ആർക്കിടെക്ചർ (സിഒഎ) ദക്ഷിണ മേഖല ആർക്കിടെക്ചർ തീസീസ് എക്സിബിഷനിൽ തൃശൂർ ഗവ.എൻജിനിയറിംഗ് കോളജ് സ്കൂൾ ഓഫ് ആർക്കിടെക്ച്ചറിലെ ജോഷിം കുര്യൻ ജേക്കബ്ബും, കൊല്ലം ടികെഎം എൻജിനീയറിംഗ് കോളജ് സ്കൂൾ ഓഫ് ആർക്കിടെക്ച്ചറിലെ മരിയ ജോയിയും ജേതാക്കളായി. 'എക്സലൻസ് ഇൻ ആർക്കിടെക്ചറൽ തീസീസിൽ സോഷ്യൽ കൺസേൺ വിഭാഗത്തിലാണ് മരിയ ജോയി ജേതാവായത്.ആർക്കിടെക്ച്ചർ പ്രോജക്ട് കാറ്റഗറിയിലാണ് ജോഷിം കുര്യൻ ജേക്കബ്ബ് ജേതാവായത്. വിദഗ്ദരായ ആർക്കിടെക്ടുകൾ അടങ്ങുന്ന ജൂറിയാണ് അവാർഡ് നിർണ്ണയം നടത്തിയത്.

ദേശീയ തലത്തിൽ നടക്കുന്ന എക്സിബിഷനിലേക്കും ഇരുവരും തിരഞ്ഞെടുക്കപ്പെട്ടു. 78 കോളജുകളിൽ നിന്നുള്ള ആർക്കിടെക്ച്ചർ വിദ്യാർഥികളാണ് കഴിഞ്ഞ രണ്ട് ദിവസമായി വൈറ്റില സിൽവർ സാന്റ് ഐലന്റിലെ ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്ചർ ആൻഡ് ഡിസൈൻ ഇന്നൊവേഷൻസ് (ആസാദി)യിൽ നടന്നുവന്ന ദക്ഷിണ മേഖല ആർക്കിടെക്ചർ തീസീസ് എക്സിബിഷനിൽ പങ്കെടുത്ത് ആർക്കിടെക്ച്ചറൽ സൃഷ്ടികൾ അവതരിപ്പിച്ചത്.

ഇവരിൽ നിന്നും മികച്ച പത്തു സൃഷ്ടികൾ ജൂറി തിരഞ്ഞെടുത്തു. ഇവർ നടത്തിയ പ്രസന്റേഷനിൽ നിന്നാണ് ഏറ്റവും മികച്ച രണ്ടു പേരെ തിരഞ്ഞെടുത്തത്. സമാപന സമ്മേളനത്തിൽ സിഒഎ വൈസ് പ്രസിഡന്റ് ആർക്കിടെക്റ്റ് ഗജാനന്ദ് റാം, സിഒഎടിആർസി ഡയറക്ടർ ആർക്കിടെക്റ്റ് ജയശ്രീ ദേശ്പാണ്ഡെ എന്നിവർ വിജയികൾക്ക് അവാർഡ് സമ്മാനിച്ചു.

ആസാദി ചെയർമാൻ ആർക്കിടെക്റ്റ് പ്രൊഫ.ബി. ആർ അജിത് അധ്യക്ഷത വഹിച്ചു. എക്സിബിഷനിൽ പങ്കെടുത്ത മുഴുൻ വിദ്യാർഥികൾക്കും ചടങ്ങിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ആർക്കിടെക്റ്റ് ധനകോടി, ആർക്കിടെക്റ്റ് നഹീമാ ഷാനവാസ്, ആർക്കിടെക്റ്റ് തൗഹിദ് ഹുസൈൻ ഖാൻ,

ആർക്കിടെക്റ്റ് മുഹമ്മദ് അനിസ്, ആർക്കിടെക്റ്റ് അനിരുദ്ധാ പോൾ, ആസാദി സി.ഇ.ഒ അമ്മു അജിത്, സ്കൂൾ പ്രിൻസിപ്പാൾ ഡോ.ബാബു രാജേശ്വരൻ തുടങ്ങിയവർ സംസാരിച്ചു.

# സെറ്റ് ടോപ് ബോക്സ് ഇല്ലാതെയും ടിവി കാണാം; വിപ്ലവമാകാനൊരുങ്ങി ഡിഷ് ടിവി

**കൊച്ചി:** സെറ്റ് ടോപ് ബോക്സിന്റെ ആവശ്യമില്ലാതെ ചാനലുകളും ഒടിടി പ്ലാറ്റുഫോമുകളും ലഭ്യമാക്കി പ്രമുഖ ഡിടിഎച്ച് സേവന ദാതാക്കളായ ഡിഷ് ടിവി. തുടക്കത്തിൽ, സാംസങ് ടിവി ക്ലൗഡ് ടെക്നോളജിയിലൂടെ സാംസങ് സ്മാർട്ട് ടിവിയിലാണ് സേവനം ലഭ്യമാക്കുക. തുടർന്ന് ടെലിവിഷൻ മേഖലയിലാകെ പ്രവർത്തനം വ്യാപിപ്പിക്കുമെന്നും ഡിഷ് ടിവി അറിയിച്ചു. ഇതിനായി സാറ്റലൈറ്റ് ടെലിവിഷൻ മേഖലയിലെ പ്രമുഖരായ കുഡൽസ്കി ഗ്രൂപ്പിന്റെ മീഡിയ ആൻഡ് എന്റർടൈൻമെന്റ് ടെക്നോളജി വിഭാഗം നാഗ്രാവിഷനുമായി സഹകരിക്കാനും ധാരണയായി. സാംസങ് ടെലിവിഷൻ ഉപഭോക്താക്കൾക്ക് ഡിഷ് ടിവിയുടെ സ്മാർട്ട് പ്ലസ് സേവനങ്ങൾ ക്ലൗഡിലൂടെ ആസ്വദിക്കാം. ഇതിനായി പ്രത്യേകം സെറ്റ് ടോപ് ബോക്സ് സ്ഥാപിക്കേണ്ടതില്ല. പുതിയ സേവനം അവതരിപ്പിക്കുന്നതിന്റെ ഭാഗമായി, പതിനാറോളം ഒടിടി പ്ലാറ്റുഫോമുകൾ ലഭ്യമാകുന്ന ഒരുമാസത്തെ സബ്സ്ക്രിപ്ഷൻ സൗജന്യമായി നൽകാനും ഡിഷ് ടിവി തീരുമാനിച്ചു.

പുത്തൻ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഉപഭോക്താക്കൾക്ക് നൂതന സേവനങ്ങൾ നൽകുകയാണ് ഡിഷ് ടിവിയുടെ ലക്ഷ്യമെന്ന് ഡിഷ് ടിവി ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ മനോജ് ഡോബൽ പറഞ്ഞു. 'വലിയൊരു പരിവർത്തനമാണ് ഡിടിഎച്ച് വ്യവസായ രംഗത്ത് സംഭവിക്കുന്നത്. ടെലിവിഷൻ മേഖലയിൽ സെറ്റ് ടോപ് ബോക്സ് ഇല്ലാതാകുന്ന കാലം വിദൂരമല്ല. ക്ലൗഡ് സാങ്കേതികവിദ്യയുടെ സഹായത്തോടെ ടെലിവിഷനിലേക്ക് നേരിട്ട് ചാനലുകളും ഒടിടി പ്ലാറ്റുഫോമുകളും എത്തിക്കുന്ന രീതിക്ക് തുടക്കമിടുന്ന ഡിഷ് ടിവി, ഈ മേഖലയിലെ വിപ്ലവകരമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകുന്നു. മുഴുവൻ ഉപഭോക്താക്കൾക്കും മികച്ച സേവനങ്ങൾ നൽകാനും അവരുടെ മാറിവരുന്ന അഭിരുചികൾക്കനുസരിച്ച് പ്രവർത്തിക്കാനും ഡിഷ് ടിവി സദാ പ്രതിജ്ഞാബദ്ധരാണ്.' അദ്ദേഹം പറഞ്ഞു. പരമ്പരാഗത ചാനലുകളും ഒടിടി സേവനങ്ങളും ഒരൊറ്റ പ്ലാറ്റ്ഫോമിലേക്ക് സമന്വയിപ്പിക്കുന്ന ഡിഷ് ടിവിയുടെ ഈ ഉദ്യമം ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണെന്ന് ഡിഷ് ടിവിയുടെ മാർക്കറ്റിംഗ് കോർപറേറ്റ് ഹെഡ് സുഖ്പ്രീത് സിംഗ് പറഞ്ഞു. നാഗ്രാവിഷൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും ചീഫ് മാർക്കറ്റിംഗ് ഓഫീസറുമായ നാൻസി ഗോൾഡ്ബർഗ് ചടങ്ങിൽ പങ്കെടുത്തു.

# സ്റ്റാർട്ടപ്പുകളെ ഇ കോമേഴ്സിലൂടെ ശാക്തീകരിക്കാനായി ആമസോൺ ഇന്ത്യ സ്റ്റാർട്ടപ്പ് ഇന്ത്യയുമായി സഹകരിക്കുന്നു

**കൊച്ചി:** പ്രമോഷൻ ഓഫ് ഇൻഡസ്ട്രി ആൻറ് ഇൻറേണൽ ട്രേഡ് വകുപ്പിനു കീഴിലുള്ള സ്റ്റാർട്ടപ്പ് ഇന്ത്യയുമായി സഹകരിച്ചു പ്രവർത്തിച്ച് ഇകോമേഴ്സിലൂടെ സ്റ്റാർട്ടപ്പുകളെ വളർത്തിയെടുക്കാനും ശക്തിപ്പെടുത്താനുമുള്ള വിവിധ നീക്കങ്ങൾ നടത്തുമെന്ന് ആമസോൺ ഇന്ത്യ പ്രഖ്യാപിച്ചു. ആമസോൺ മാർക്കറ്റ് പ്ലെയിസിൽ രജിസ്റ്റർ ചെയ്ത് ഇകോമേഴ്സിലെ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ അർഹരായ സ്റ്റാർട്ടപ്പുകളുമായി ആമസോൺ സഹകരിക്കും. സ്റ്റാർട്ടപ്പ് ഇന്ത്യ പോർട്ടലിലെ ഡെഡിക്കേറ്റഡ് പേജു വഴിയാകും ഇത്. സ്റ്റാർട്ടപ്പുകൾക്കായി ആമസോൺ പ്രത്യേകമായ ഓൺബോർഡിങ് അനുഭവങ്ങളാകും പ്രധാനം ചെയ്യുക. ആമസോൺ മെൻറർഷിപ്പ് വഴിയും വിപണിയിലും ലോജിസ്റ്റികിലുമുള്ള ആമസോൺ പിന്തുണയോടെയും ആഭ്യന്തര വിപണി പ്രയോജനപ്പെടുത്താൻ ഇതു സഹായകമാകും.

ഇതിനു പുറമെ സ്റ്റാർട്ട് ഇന്ത്യയുമായുള്ള സഹകണം ഇകോമേഴ്സിൽ വനിതാ സംരംഭകരെ സഹേലി പ്രോഗ്രാം വഴി ശാക്തീകരിക്കും. അർഹരായ വനിതാ സംരംഭകർ നേതൃത്വം നൽകുന്ന ഇടത്തരം, ചെറുകിട സംരംഭങ്ങളെ ഇകോമേഴ്സിൽ മുന്നോട്ടു പോകാൻ സഹായകമായ രീതിയിൽ രൂപകൽപന ചെയ്തതാണ് ഈ സഹകരണം. ആമസോൺ പേ, ആമസോൺ ഇൻസെൻറീവുകൾ, ആമസോൺ ബിസിനസ്, ആമസോൺ ട്രാൻസ്പോർട്ട്, എഡബ്ലിയുഎസ്, ആമസോൺ അഡ്വെർടൈസിങ്, മിനി ടിവി തുടങ്ങിയവ ഇതിൻറെ ഭാഗമായി വനിതാ സ്റ്റാർട്ടപ്പുകൾക്കു ലഭിക്കും. ഫാഷൻ, ഭക്ഷ്യപാനീയങ്ങൾ, വസ്ത്രം, കളിപ്പാട്ടങ്ങൾ, ഗെയിമുകൾ, വാഹന വിഭാഗം, കലാ ഫോട്ടോഗ്രാഫി, പെറ്റ്സ് ആനിമൽ, കൃഷി തുടങ്ങിയ വിവിധ രംഗങ്ങളിൽ ഇതു പ്രയോജനകരമാകും.

ഭാരത് സ്റ്റാർട്ടപ്പ് നോളെജ് അക്സസ് രജിസ്റ്ററിയെ (ഭാസ്കർ) കുറിച്ചു കൂടുതൽ അവബോധം സൃഷ്ടിക്കാനും സ്റ്റാർട്ടപ്പ് ഇന്ത്യയുമായുള്ള ആമസോണിൻറെ സഹകരണം സഹായിക്കും. സ്റ്റാർട്ടപ്പുകൾ, നിക്ഷേപകർ, മെൻറർമാർ, സേവന പിന്തുണക്കാർ, സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവ ഉൾപ്പെടെയുള്ളവർക്ക് സംരംഭക സംവിധാനത്തിനു കീഴിൽ സഹകരിക്കാനുള്ളതും കേന്ദ്രീകൃതമായി ഏകീകരിക്കുന്നതുമായിരിക്കും ഇത്. സ്റ്റാർട്ടപ്പുകളുടെ സംരംഭകത്വ കഴിവുകൾ പ്രയോജനപ്പെടുത്തി പുതിയ മേഖലകളിലേക്കു വളരാൻ സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതാണ് ആമസോണുമായുള്ള തങ്ങളുടെ സഹകരണമെന്ന് പ്രമോഷൻ ഓഫ് ഇൻഡസ്ട്രി ആൻറ് ഇൻറേണൽ ട്രേഡ് ജോയിൻറ് സെക്രട്ടറി സഞ്ജീവ് പറഞ്ഞു. ഇകോമേഴ്സ് രംഗത്തെ ആമസോണിൻറെ വൈദഗ്ദ്ധ്യവും കേന്ദ്ര സർക്കാരിൻറെ പതാകവാഹക നീക്കമെന്ന നിലയിൽ സ്റ്റാർട്ടപ്പ് ഇന്ത്യയുടെ പങ്കും സംയോജിപ്പിച്ച് തങ്ങൾ ഇന്ത്യൻ സ്റ്റാർട്ട് അപ്പുകൾക്ക് ബിസിനസ് വളർത്താനുള്ള നവീനമായ സംവിധാനമാണ് തങ്ങൾ ഒരുക്കുന്നത്. വിവിധ മേഖലകളിലും വിഭാഗങ്ങളിലമായുള്ള ഇന്ത്യൻ സംരംഭകരെ ശാക്തീകരിക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് ഈ സഹകരണമെന്നും സംരംഭകത്വത്തിലൂടെയും പുതുമകളിലൂടേയും രാജ്യത്ത് സാമ്പത്തിക വികസനം വളർത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിവിധ വ്യവസായങ്ങളിലായി വിജയകരമായ ബിസിനസുകൾ വളർത്തിയെടുക്കാനുള്ള പ്രതിബദ്ധത മൂലം ഇന്ത്യയിലെ സ്റ്റാർട്ടപ്പുകൾ എല്ലാവരുടേയും പ്രതീക്ഷയാണെന്ന് ആമസോൺ ഇന്ത്യ പബ്ലിക് പോളിസി വൈസ് പ്രസിഡൻറ് ചേതൻ കൃഷ്ണസ്വാമി പറഞ്ഞു. ഇകോമേഴ്സിൻറെ ശക്തി പ്രയോജനപ്പെടുത്തി പുതിയ ഉയരങ്ങൾ തേടുകയും നവീന ഉൽപന്നങ്ങളുമായി രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിലുള്ള ഉപഭോക്താക്കളെ സൃഷ്ടിക്കുകയും ചെയ്യുകയാണ്. സംരംഭകരെ ശാക്തീകരിക്കുകയും സാമ്പത്തിക വളർച്ച ശക്തമാക്കുകയും ചെയ്യുക എന്ന പൊതു ലക്ഷ്യവുമായി സ്റ്റാർട്ടപ്പ് ഇന്ത്യയുമായി സഹകരിക്കുന്നതിലൂടെ തങ്ങൾ ആദരിക്കപ്പെടുകയാണ്. വൈവിധ്യമാർന്നതും എല്ലാവരേയും ഉൾപ്പെടുത്തിയുള്ളതുമായ വികസനത്തിൽ ആമസോണിനുള്ള പ്രതിബദ്ധത കൂടിയാണ് ഇതു വെളിപ്പെടുത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.



# സ്പ്രിംഗർ നേച്ചർ ഇന്ത്യ റിസർച്ച് ടൂർ 2024 സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിൽ എത്തി

**തിരുവനന്തപുരം:** കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ഐസിഎസ്എസ്ആറുമായി സഹകരിച്ച് സ്പ്രിംഗർ നേച്ചർ ഇന്ത്യ സംഘടിപ്പിക്കുന്ന ഇന്ത്യാ റിസർച്ച് ടൂർ 2024 തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിൽ (സിഡിഎസ്) എത്തി. 'റിസർച്ച് ഇന്റഗ്രിറ്റിയും സോഷ്യൽ സയൻസ് റിസർച്ചിനെ ശക്തിപ്പെടുത്തുന്നതിൽ അതിന്റെ പങ്കും' എന്ന വിഷയത്തിൽ പാനൽ ചർച്ച അവതരിപ്പിച്ചു. ഡാറ്റാ സുതാര്യത, ഗവേഷണത്തിലെ നൈതിക വെല്ലുവിളികൾ തുടങ്ങിയ പ്രധാന മേഖലകൾ സിഡിഎസിലെ പ്രൊഫ. സൂരജ് ജേക്കബും പ്രൊഫ. ജെ ദേവികയും സ്പ്രിംഗർ നേച്ചറിലെ ആഗോള വിദഗ്ധരും ചർച്ച ചെയ്തു.

സിഡിഎസിൽ നടന്ന ചർച്ചകൾ എല്ലാ ശാസ്ത്രീയ അന്വേഷണങ്ങളുടെയും നട്ടെല്ലെന്ന നിലയിൽ സമഗ്രതയുടെ പ്രാധാന്യം ആവർത്തിച്ച് ഉറപ്പിച്ചെന്നു സ്പ്രിംഗർ നേച്ചർ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ വെങ്കിടേഷ് സർവസിദ്ധി പറഞ്ഞു. ഗവേഷണ ഫലങ്ങൾ വിശ്വസനീയവും സമൂഹത്തിന് ഉപയോഗപ്രദവുമാണെന്നും സ്പ്രിംഗർ നേച്ചർ ഇന്ത്യയുമായി സഹകരിച്ചതിൽ സന്തോഷമുണ്ടെന്നും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ പ്രൊഫ. സി വീരമണി പറഞ്ഞു.

സ്പ്രിംഗർ നേച്ചർ ഇന്ത്യ സംഘടിപ്പിക്കുന്ന ഇന്ത്യാ റിസർച്ച് ടൂർ 2024 ഗവേഷണ സമഗ്രത, പ്രസിദ്ധീകരണത്തിലെ മികച്ച സമ്പ്രദായങ്ങൾ, അക്കാദമിക് ഗവേഷണത്തിലെ ഉയർന്നുവരുന്ന പ്രവണതകൾ എന്നിവയെക്കുറിച്ചുള്ള സംഭാഷണം വളർത്തിയെടുക്കാൻ ലക്ഷ്യമിട്ടുള്ള രാജ്യവ്യാപക സംരംഭമാണ്. ടൂർ തമിഴ്നാട്ടിലേക്കുള്ള യാത്ര തുടരുകയും ഈ വർഷത്തെ പര്യടനം ചെന്നൈയിലെ എസ് ആർ എം യൂണിവേഴ്സിറ്റിയിൽ അവസാനിക്കുകയും ചെയ്യും.

അക്കാദമിക് കമ്മ്യൂണിറ്റികളെ ഒരുമിച്ച് കൊണ്ടുവരുന്നതിനും ഗവേഷണത്തിലെ പ്രധാന വിഷയങ്ങളിൽ ശക്തമായ ചർച്ചകൾ പ്രോത്സാഹിപ്പിക്കുന്നതിനും പര്യടനം സഹായിക്കും

# ആക്സിസ് ബാങ്ക് സ്പ്ലാഷ്, മൽസരങ്ങൾ സംഘടിപ്പിക്കുന്നു

**കൊച്ചി:** ഏഴു മുതൽ 14 വയസു വരെയുള്ള കുട്ടികൾക്കായി ആക്സിസ് ബാങ്ക് സ്പ്ലാഷ് ദേശീയതല കലാ, കരകൗശല, സാഹിത്യ മൽസരങ്ങൾ നടത്തും. ലോകത്തോടുള്ള നന്ദി പ്രകടിപ്പിക്കാൻ ക്രിയാത്മകത എന്നതാണ് ഈ വർഷത്തെ സ്പ്ലാഷ് മൽസരങ്ങളുടെ പ്രമേയം. www.axisbankpslash.com വഴി 2024 നവംബർ 30 വരെ എൻട്രികൾ സമർപ്പിക്കാം.

തെരഞ്ഞെടുത്ത ബാങ്ക് ബ്രാഞ്ചുകൾ, സ്കൂളുകൾ, മാളുകൾ, റസിഡൻഷ്യൽ വെൽഫെയർ അസോസ്സിയേഷനുകൾ എന്നിവ വഴിയും ആക്സിസ് ബാങ്ക് മൽസരങ്ങൾ നടത്തും. ഡിജിറ്റലായും ഫിസിക്കലായും നടത്തുന്ന ഈ മൽസരങ്ങൾ വഴി ഏഴു ലക്ഷം പേരിലേക്ക് എത്താനാണ് ബാങ്ക് ഉദ്ദേശിക്കുന്നത്. ഏഴു മുതൽ പത്തു വയസു വരെയുള്ളവർക്കും 11 മുതൽ 14 വയസു വരെയുള്ളവർക്കും വേണ്ടി രണ്ടു വിഭാഗങ്ങളിലായാവും മൽസരങ്ങൾ.

യുവ മനസുകളിൽ ക്രിയാത്മകമായ നിരവധി ആശയങ്ങളാണ് ഉള്ളതെന്നും അതിൽ നിന്നു പഠിക്കാൻ നിരവധിയുണ്ടെന്നും ഇതേക്കുറിച്ചു പ്രതികരിക്കവെ ആക്സിസ് ബാങ്ക് ചീഫ് മാർക്കറ്റിങ് ഓഫിസർ അനൂപ മനോഹർ പറഞ്ഞു.




ഓരോ വിഭാഗത്തിലേയും മൂന്നു ഫൈനലിസ്റ്റുകൾക്ക് രണ്ടു ലക്ഷം രൂപ വരുന്ന സമ്മാനങ്ങൾ ലഭിക്കും. രണ്ടാം സ്ഥാനക്കാർക്ക് ഒരു ലക്ഷം രൂപ വീതമായിരിക്കും ലഭിക്കുക.

# ക്ലൗഡ് കോൺടാക്ട് കേന്ദ്രം ലഭ്യമാക്കാൻ വി ബിസിനസ് ജെനസിസ് സഹകരണം

**കൊച്ചി:** മുൻനിര ടെലകോം സേവനദാതാക്കളായ വോഡഫോൺ ഐഡിയയുടെ സംരംഭകത്വ വിഭാഗമായ വി ബിസിനസ് നിർമിത ബുദ്ധി പിന്തുണയോടെ ക്ലൗഡ് സേവനങ്ങൾ നൽകുന്ന രംഗത്തെ ആഗോള മുൻനിരക്കാരായ ജെനസിസുമായി സഹകരിക്കും. ഉപഭോക്താക്കൾക്ക് ആധുനിക ക്ലൗഡ്, ടെലകോം സംവിധാനങ്ങൾ ലഭ്യമാക്കാനും ഉപഭോക്തൃ ഏൻഗേജ്മെൻറ്, സേവന മേഖലകൾ കൂടുതൽ ശക്തമാക്കാനും ഇതു സഹായിക്കും.

കോൺടാക്ട് സെൻററുകൾ ഒരു സേവനം എന്ന നിലയിൽ ലഭ്യമാക്കുന്ന മേഖലയിലേക്കുള്ള വിയുടെ പ്രവേശനത്തിനു കൂടിയാണ് ഈ സഹകരണം വഴി തുറക്കുന്നത്. പരമ്പരാഗത രീതിയിലെ കോൺടാക്ട് സെൻററുകൾ സ്ഥാപിക്കാതെ തന്നെ ഏറ്റവും പുതിയ സാങ്കേതികവിദ്യയുടെ പിൻബലത്തോടെ ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഇതു സഹായകമാകും.

ബിസിനസ് നടത്തുന്ന രീതികൾ മാറ്റി മറിക്കുന്ന രീതിയിൽ അത്യാധുനിക സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള പാതയിലെ ഒരു സുപ്രധാന ചുവടുവെപ്പാണ് ഈ പങ്കാളിത്തമെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ വോഡഫോൺ ഐഡിയ ചീഫ് എൻറർപ്രൈസസ് ബിസിനസ് ഓഫീസർ അരവിന്ദ് നെവാറ്റിയ പറഞ്ഞു.

വി ബിസിനസിൻറെ വിപുലമായ ശൃംഖലയും തങ്ങളുടെ നിർമിത ബുദ്ധിയുടെ പിൻബലത്തിലുള്ള സാങ്കേതികവിദ്യയും ചേരുമ്പോൾ ബിസിനസുകളുടെ ഉപഭോക്തൃ ഇടപെടലുകൾ മെച്ചപ്പെടുത്താനും വൻ തോതിൽ വളരാനുമുള്ള കഴിവു നൽകുന്ന കൂടുതൽ സ്മാർട്ടും കാര്യക്ഷമവുമായ സേവനങ്ങൾ നൽകാനും സഹായിക്കുമെന്ന് ജെനസിസ് ഏഷ്യപസഫിക് സീനിയർ വൈസ് പ്രസിഡൻറ് ഗില്യം ഫണൽ പറഞ്ഞു.

